## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം
## (ചോദ്യോത്തരങ്ങൾ ഒഴികെ)

2007 സെപ്റ്റംബർ 5, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

വ്യാജചാരായവും വിഷക്കള്ളും

മി. സ്പീക്കർ: സംസ്ഥാനത്ത് വിഷക്കള്ളും വ്യാജചാരായവും വ്യാപകമായി വിൽക്കപ്പെടുന്ന അതീവഗുരുതരമായ സ്ഥിതിവിശേഷത്തെ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രൊഫ. കെ.വി.തോമസ്, സർവ്വശ്രീ പി.കെ. അബ്ദുറബ്ബ്, കെ.ബി. ഗണേഷ്കുമാർ, കെ.കെ.ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ): ഇക്കഴിഞ്ഞ ചതയ ദിനത്തിൽ പത്തനാപുരം താലൂക്കിലെ ആവണീശ്വരത്തെ 14-ാം നമ്പർ കള്ളുഷാപ്പിനടുത്തുള്ള വയലിൽ ഷാപ്പുടമയും ബിനാമിയും ചേർന്ന് വിതരണം ചെയ്ത മദ്യം കഴിച്ച് രണ്ട് പേർ മരിക്കുകയും 16 പേരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്ത

നിർഭാഗ്യകരമായ സംഭവമുണ്ടായി. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട വർക്ക് ഫലപ്രദമായ ചികിത്സയ്ക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രോഗകാരണം മനസ്സിലാക്കാൻ ഇവരുടെ മൂത്രവും രക്തവും വിശദമായ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. മരിച്ചവരുടെ വിസ്ര ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബോറട്ടറിയിൽ പരിശോധിച്ചുകൊണ്ടിരിക്കു കയാണ്. റിപ്പോർട്ട് ലഭ്യമായതിനുശേഷമേ മരണകാരണം വ്യക്തമാകൂ. മദ്യത്തിൽ മീതൈൽ ആൾക്കഹോൾ കണ്ടന്റ് ഉള്ളതായാണ് ടോക്സിക്കോളജി ലാബിന്റെ റിപ്പോർട്ട് വ്യക്തമാക്കുന്നത്. അമിതമദ്യപാനമാണ് മരണകാരണമെന്നാണ് ഡോക്ടർമാർ പത്രസമ്മേളന ത്തിൽ പറഞ്ഞത്. മരിച്ച രണ്ടുപേരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ വീതവും ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട 16 പേർക്ക് പ്രാഥമികാവശ്യങ്ങൾക്കായി 1000 രൂപ വീതവും വിതരണം ചെയ്തിട്ടുണ്ട്. ചികിത്സയ്ക്കുശേഷം അവർക്ക് 5000 രൂപ വീതം കൊടുക്കുന്നതാണ്. ഓണം പ്രമാണിച്ച് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ഒരുമാസത്തിനുമുമ്പ് തന്നെ ഗവൺമെന്റ് മുൻകരുതൽ നടപടികൾ സ്വീകരിച്ചിരുന്നു. ജില്ലാതലത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിലും അസംബ്ളി മണ്ഡലതലത്തിൽ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിലും പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിലുമുള്ള കമ്മിറ്റികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതാക്കളും ട്രേഡ് യൂണിയൻ പ്രതിനിധികളും നോൺ ഗവൺമെന്റ് ഓർഗനൈസേഷൻ പ്രതിനിധികളും മദ്യവിരുദ്ധസമിതി പ്രതിനിധികളും യോഗം ചേർന്ന് ഇത്തരത്തിലുള്ള സാമൂഹ്യ പ്രശ്നങ്ങൾക്ക് വിരാമമിടാൻ നടപടി

സ്വീകരിച്ചിരുന്നു. പത്തനാപുരം സംഭവത്തിൽ അന്നേദിവസം സ്ഥലം എം.എൽ.എ.യെ ഫോണിലൂടെ ബന്ധപ്പെട്ടെങ്കിലും അദ്ദേഹം സ്ഥലത്തില്ലാതിരുന്നതിനാൽ സംഭവ സ്ഥലം സന്ദർശിക്കുകയുണ്ടായില്ല. ബന്ധപ്പെട്ട എം.എൽ.എ.യ്ക്ക് ഇക്കാര്യത്തിൽ ഉത്തരവാദിത്വവുമുണ്ട്. ഈ സംഭവത്തിനു കാരണം കള്ളിന്റെ ദൗർലഭ്യതയോ പുതിയ ഷാപ്പുകളോ ആണെന്നു പറയുന്നത് അടിസ്ഥാനരഹിതമാണ്. കഴിഞ്ഞ ഗവൺമെന്റ് 2002-03-ൽ അടച്ചുപൂട്ടിയ ഷാപ്പുകൾ ഈ ഗവൺമെന്റ് പുന:സ്ഥാപിച്ചതേയുള്ളൂ. പുതിയ ഷാപ്പുകൾ തുറക്കുകയുണ്ടായില്ല. കള്ളിന്റെ ഉല്പാദനം കുറവുള്ള തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഷാപ്പുകൾ പുന:സ്ഥാപിച്ചിട്ടില്ല. കഴിഞ്ഞ കുറെ കാലമായി മദ്യമാഫിയയ്ക്കെതിരെയുള്ള ഗവൺമെന്റിന്റെ നടപടികൾ ത്വരിതപ്പെടുത്തുകയാണ്. ഈ സംഭവം ഗവൺമെന്റ് ഗൗരവമായി കൈകാര്യം ചെയ്യുകയും സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

<u>പ്രൊഫ. കെ. വി. തോമസ്</u>: 25 വർഷങ്ങൾക്കുമുമ്പുണ്ടായ വൈപ്പിൻ മദ്യദുരന്തത്തിൽ 77 പേർ മരിക്കുകയും 63 പേർക്ക് കാഴ്ച നഷ്ടപ്പെടുകയും 15 പേർ വികലാംഗരായി ഇപ്പോഴും ജീവിക്കുകയുമാണ്. ഇങ്ങനെയുള്ള ദുരന്തങ്ങൾ ഇപ്പോഴും തുടരുകയാണ്. ആവണീശ്വരം മദ്യദുരന്തവുമായി ബന്ധപ്പെട്ട് ആറ് എക്സൈസ് ഉദ്യോഗസ്ഥരെയും ഒരു എസ്.ഐ. യെയും സസ്പെൻഡ് ചെയ്തതല്ലാതെ ഇക്കാര്യത്തിൽ ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. രാവിലെ 4 മണി മുതൽ 200/300 പേർ മദ്യം കഴിക്കാൻ വന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ജനപ്രതി

നിധികളോ അറിഞ്ഞിട്ടില്ല എന്നാണ് പറയുന്നത്. തെളിവ് നശിപ്പിക്കാനായി ഡിവൈ.എഫ്.ഐക്കാർ ഷാപ്പ് തല്ലിപ്പൊളിക്കുകയും തെളിവിനാധാരമായ ബാക്കിയുണ്ടായിരുന്ന കള്ള് മുഴുവൻ ഒഴുക്കിക്കളയുകയും ചെയ്തത് ആസൂത്രിതമായിട്ടാണ്. 3 പേർ മരിച്ചതിൽ ഒരാളുടെ മരണം നാചറൽ ഡെത്താക്കി മാറ്റി. ആവശ്യത്തിന് കള്ള് ലഭ്യമല്ലാത്തതുകൊണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ രണ്ടായിരം കള്ളുഷാപ്പുകൾ നിർത്തിവച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽവന്നശേഷം ആ കള്ളുഷാപ്പുകൾ തുടങ്ങാൻ തീരുമാനിക്കുകയും 418 ഹോട്ടലുകൾക്ക് പുതുതായി എഫ്. എൽ. 3 ലൈസൻസ് നൽകി സംസ്ഥാനത്ത് മദ്യം ഒഴുക്കുകയുമാണ് ചെയ്തത്. ഉദയഭാനു കമ്മീഷൻ വിഭാവനംചെയ്ത കാര്യങ്ങൾ നടപ്പിലാക്കുമെന്നാണ് എൽ.ഡി.എഫ്.ന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ളത്. 3 പേർ മരിച്ച ഈ ദുരന്തത്തെ നിസ്സാരമായി കാണരുത്. എക്സൈസ് വകുപ്പിൽ ഇന്റലിജൻസിന് നേതൃത്വം കൊടുത്തിരുന്ന പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയിരിക്കുകയാണ്. സംസ്ഥാനത്ത് സ്പിരിറ്റ് ഒഴുകുന്നു. ഇത്രയും ഗുരുതരമായ പ്രശ്നത്തെക്കുറിച്ച് അന്വേഷണം നടത്തണം; സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): ഡി.വൈ.എഫ്.ഐ. മദ്യഷാപ്പ് തല്ലിത്തകർത്തു എന്ന ആരോപണമുണ്ടായി. എന്നാൽ 29-ാം തീയതി യു.ഡി.എഫ് നേതാക്കളുടെ സാന്നിദ്ധ്യത്തിൽ ആ ഷാപ്പ് വീണ്ടും തല്ലിത്തകർത്തെന്നു മാത്രമല്ല 2 കന്നാസ് മദ്യമെടുത്ത് പോലീസിനു കൊടുക്കുകയും ചെയ്തു. ഡി.വൈ.എഫ്.ഐ.യും യു.ഡി.എഫും കൂടി മദ്യഷാപ്പ് തല്ലിത്തകർത്തു എന്നതാണ് യഥാർത്ഥ്യം.

ഷാപ്പിന്റെ ഉടമയ്ക്ക് എതിരായിട്ടല്ല ബിനാമിയായ അശോകന്റെ പേരിലാണ് കേസ്. വന്നിട്ടുള്ളത്. കേസിൽ ഉൾപ്പെട്ട 2 പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ഈ സംഭവത്തിൽ പോലീസ് 5 കേസും എക്സൈസ് 2 കേസും എടുത്തിട്ടുണ്ട്. ഈ 7 കേസുകളും ശിക്ഷ അർഹിക്കുന്ന തരത്തിലുള്ളവയാണ്. ഷാപ്പുകളെ സംബന്ധിച്ച പരാതികൾ സൂക്ഷ്മമായി പരിശോധിച്ച് പരിഹാരം കണ്ടെത്തിയിട്ടുണ്ട്. ആവണീശ്വരത്ത് വിഷമദ്യമാണ് കഴിച്ചത് എന്നതിനോട് യോജിക്കുന്നില്ല. ഫോറൻസിക് ലാബിന്റെ പരിശോധനയുടെ അടിസ്ഥാനത്തിലാണ് ഏറ്റവും അവസാന തീരുമാനമെടുക്കേണ്ടത്. അതിനു മുമ്പ് ചീഫ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ മദ്യം കഴിച്ചവരുടെ യൂറിനും ബ്ലഡും പരിശോധിച്ചതിൽ ആൽക്കഹോളിന്റെ കണ്ടന്റ് ഇല്ല എന്ന് വ്യക്തമായിരിക്കുകയാണ്. ലഭിച്ച പരിശോധനാ റിപ്പോർട്ടുകൾ എപ്പോൾ വേണമെങ്കിലും കാണിക്കാം. ഈ സാമൂഹ്യ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ എല്ലാവരുടേയും സഹകരണമാണ് വേണ്ടത്. അതിനായി എല്ലാവർക്കും ഒരുമിച്ചു പ്രവർത്തിക്കാം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

## വ്യക്തിപരമായ വിശദീകരണം

ശ്രീ. കെ.ബി. ഗണേഷ്കുമാർ: സഭയിൽ സ്ഥലം എം.എൽ.എ. എന്ന നിലയിൽ വ്യക്തിപരമായി എന്നെപ്പറ്റി പരാമർശം നടത്തിയതിന് വിശദീകരണം നൽകേണ്ടതുണ്ട്. എം.എൽ.എ.മാർ അദ്ധ്യക്ഷനായ കമ്മിറ്റി വിളിച്ചു കൂട്ടി ചർച്ച ചെയ്തപ്പോൾ ഡി.വൈ.എസ്.പി.യും എക്സൈസ് ഉദ്യോഗസ്ഥരും ഒരു പഞ്ചായത്ത് പ്രസിഡന്റും പങ്കെടുത്തു. പത്തനാപുരം

മണ്ഡലത്തിലെ 8 പഞ്ചായത്ത് പ്രസിഡന്റുമാരിൽ 7 പേരും ഇടതുമുന്നണി ക്കാരായതുകൊണ്ട് വന്നില്ല. മദ്യം ഒഴുകാനുള്ള അവസരം ഗവൺമെന്റ് കൊടുത്തിട്ട് മരണകാരണം വിഷമദ്യമാണോ എന്ന് അറിയുന്നതിന് മുമ്പ് അമിത മദ്യപാനം കൊണ്ടാണ് മരിച്ചത് എന്നു പറയുന്നത് വളരെ ഖേദകരമാണ്. ബഹുമാനപ്പെട്ട മന്ത്രി സംഭവസ്ഥലത്ത് വന്നത് 4-ാം ദിവസമാണ്. 3-ാം ദിവസം നടത്തിയ പരിശോധനയിൽ ഷാപ്പിന്റെ പുറകിൽനിന്ന് 12 കന്നാസ് സ്പിരിറ്റ് പിടിച്ചെടുത്തു. കള്ളുഷാപ്പിൽ സ്പിരിറ്റ് വിൽക്കുന്നത് ശരിയാണോ എന്നതിന് മറുപടി പറയണം. ആനുകൂല്യം പ്രഖ്യാപിച്ചത് വളരെ കുറഞ്ഞുപോയി. സർക്കാർ ലൈസൻസുള്ള ഷാപ്പിന്റെ പുറകിലുള്ള വയലിൽ വച്ച് ചാരായം തൊട്ടിയിൽ ഒഴിച്ചുകൊടുക്കുകയായിരുന്നു. ഇത്തരത്തിലുള്ള മദ്യനയം തിരുത്താനുള്ള നടപടി സ്വീകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): കളളിന്റെ ഉല്പാദനം വർദ്ധി പ്പിക്കാതെ ഈ ഗവൺമെന്റ് അനുവദിച്ച 1610 പുതിയ കളള് ഷാപ്പുകൾ നിർത്തലാക്കാൻ സർക്കാർ തയ്യാറാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 1610 കളള് ഷാപ്പുകൾ പുന:രാരംഭിക്കുവാൻ സർക്കാർ തീരുമാനിച്ചത് നിലവിലുളള വ്യവസ്ഥകൾക്ക് വിധേയമായാണ്. 50 തെങ്ങുകൾ ചെത്തുന്ന സ്ഥലങ്ങളിൽ മാത്രമേ പുതുതായി ഷാപ്പുകൾ അനുവദിക്കാൻ പാടുളളൂ എന്ന ഉത്തരവ് 100 ശതമാനം പാലിക്കാൻ സാധിച്ചിട്ടില്ല. താരതമ്യേന കളള് ഉല്പാദനം കുറഞ്ഞ ജില്ലകളായ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നിവിടങ്ങളിൽ ലൈസൻസ് കിട്ടിയ ഷാപ്പുകൾതന്നെ തുറക്കേണ്ട

എന്നാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സംഭവമുണ്ടായ ദിവസം രാത്രി തന്നെ ഞാൻ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോയി. കള്ളിനുപകരം വ്യാജമദ്യ വില്പന നടക്കുന്നത് തൊഴിലാളികളുടെ തൊഴിൽ നിഷേധിച്ചതുകൊണ്ടാണ്. തൊഴിലധിഷ്ഠിത വ്യവസായമെന്ന നിലയിൽ കള്ള് ഉല്പാദിപ്പിക്കാനാവശ്യമായ എല്ലാ സാധ്യതയും വിനിയോഗിക്കേണ്ടതായിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീംകോടതിയും ശരിവച്ചതാണ്. 2002-2003 -ൽ അടച്ചിട്ട ഷാപ്പുകളിലെ തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി ഗവൺമെന്റ് സ്വീകരിച്ച നടപടിയാണിത്. 50 തെങ്ങ് ചെത്താൻ കഴിയാത്ത സാഹചര്യം ഏതെങ്കിലും കള്ളുഷാപ്പിൽ നിലനിൽക്കുന്നുണ്ടെങ്കിൽ അത് പരിശോധിച്ച് തിരുത്തുന്നതാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തിരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സാമൂഹ്യ വിപത്ത് തടയുന്നതിന് ഗവൺമെന്റ് കൊണ്ടുവരുന്ന ഏത് നടപടിയോടും സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ നിന്ന് കള്ളു കൊണ്ടുവരുന്നുവെന്ന് റിക്കാർഡുണ്ടാക്കിയാണ് ആവണീശ്വരം ഷാപ്പ് പ്രവർത്തിക്കുന്നത്. വാസ്തവത്തിൽ 50 തെങ്ങിനുപകരം 2 തെങ്ങാണ് അവിടെ ചെത്തുന്നത്. കള്ളിന്റെ ലഭ്യത കൂടിയിട്ടുമില്ല. യു.ഡി.എഫ്. ഗവൺമെന്റ് തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. പുതുതായി അനുവദിച്ച 1610 ഷാപ്പുകളിൽ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്ന് വ്യക്തമാക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 1610 ഷാപ്പുകൾ അനുവദിച്ചിട്ടില്ല. 800 -ലധികം ഷാപ്പുകളാണ് പുതുതായി

അനുവദിച്ചിട്ടുള്ളത്. കൊല്ലം, തിരുവനന്തപുരം, പത്തനംതിട്ട ജില്ലകളിലെ 88 ഷാപ്പുകളിൽ ഒന്നുപോലും പ്രവർത്തിക്കുന്നില്ല. ആവണീശ്വരം ഷാപ്പിനു സമീപത്താണ് ഈ സംഭവമുണ്ടായിട്ടുള്ളത്. പുതുതായി ആരംഭിച്ചതും മുമ്പ് പ്രവർത്തിച്ചുകൊണ്ടിരുന്നതുമായ ഷാപ്പുകളുടെ പരിധിയിൽ എത്രവീതം തെങ്ങ് ചെത്തുന്നുണ്ടെന്നുള്ളതിന്റെ കണക്ക് ഗവൺമെന്റിന് സമർപ്പിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ ഷാപ്പിലും 50 തെങ്ങ് വീതം ചെത്തുന്നുണ്ടോയെന്നും റീ-ഡിപ്ലോയ്മെന്റ് യഥാവിധി നടക്കുന്നുണ്ടോയെന്നും തൊഴിലാളികളുടെ എണ്ണം ആവശ്യാനുസരണമുണ്ടോ എന്നുമുള്ള കാര്യങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുന്നതാണ്. തൊഴിലാളികളെ റീ-ഡിപ്ലോയ് ചെയ്യാനുള്ള തീരുമാനമെടുത്തത് കേന്ദ്ര തൊഴിലാളി സംഘടനകൾ ഒരുമിച്ച് ചേർന്നാണ്.

(അടിയന്തിരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, സി.ടി. അഹമ്മദ് അലി എന്നീ പ്രതിപക്ഷ കക്ഷിനേതാക്കന്മാർ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോയി. . ശ്രീ. കെ.ബി. ഗണേഷ് കുമാറും വാക്കൗട്ടിൽ പങ്കെടുത്തു സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)

**ശ്രദ്ധക്ഷണിക്കൽ**

(1) <u>ത്രിതലപഞ്ചായത്തുകളുടെ വാർഷിക പദ്ധതി നടത്തിപ്പ്.</u>

<u>ശ്രീ. കെ.സി. ജോസഫ്:</u> 2007-08 സാമ്പത്തികവർഷം ആരംഭിച്ച് 5 മാസം കഴിഞ്ഞിട്ടും 11-ാം പദ്ധതിയുടെ ഒന്നാം വാർഷികപദ്ധതിയുമായി

ബന്ധപ്പെട്ട ത്രിതല പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിന് കേരളത്തിലെ ഒരു ജില്ലയിലും ഡി.പി.സി. കൂടി പദ്ധതി അംഗീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതിനുള്ള പ്രധാന കാരണക്കാർ  തദ്ദേശഭരണ വകുപ്പും കേരളാ സ്റ്റേറ്റ് പ്ളാനിംഗ് ബോർഡുമാണ്. സാമ്പത്തികവർഷാരംഭം മുന്നിൽ കണ്ടുകൊണ്ട് ഏപ്രിൽ മാസത്തിലെങ്കിലും പദ്ധതി നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതായിരുന്നു.  ഡി.പി.സി. നിർദ്ദേശം കിട്ടിയശേഷം മാത്രം വർക്കിംഗ് ഗ്രൂപ്പ് കൂടിയാൽ  മതിയെന്നാണ് പറഞ്ഞിരിക്കുന്നത്.  ഇതു സംബന്ധിച്ച് ജില്ലകളിൽ പഠനക്ളാസ്സുകൾ ആരംഭിക്കുന്നത് ആഗസ്റ്റ് മധ്യത്തിലാണ്.  അതിനുശേഷം ഗ്രാമസഭകളും വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്ന് പദ്ധതി അംഗീകരിക്കുകയും  സെപ്റ്റംബർ 4-ാം തീയതി പഞ്ചായത്തുകളിൽ സെമിനാർ നടത്തി  പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്തെങ്കിലും  അത് പഞ്ചായത്തുകൾ അംഗീകരിക്കുകയും ഡി.പി.സി. -ക്ക് കൊടുക്കുകയും ചെയ്യേണ്ടതുണ്ട്.  ഇതിനായുള്ള ഫോറങ്ങൾ ഇതു വരെ എല്ലാ പഞ്ചായത്തുകൾക്കും കൊടുത്തിട്ടില്ല.  അതുപോലെ കൈപുസ്തകവും പല പഞ്ചായത്തുകൾക്കും ഗവണ്മെന്റിൽ നിന്ന് കൊടുത്തിട്ടില്ല.  കൈപുസ്തകവും മാർഗ്ഗനിർദ്ദേശങ്ങളും ഫോറങ്ങളുമില്ലാതെ ഈ പദ്ധതി തയ്യാറാക്കാൻ  പറ്റില്ല. കേരളത്തിലെ ത്രിതല പഞ്ചായത്തുകളാണ് ഗവണ്മന്റിന്റെ ഈ വീഴ്ചമൂലം തകരാറിലാകുന്നത്.  ഗ്രാമസഭകളുടെ പ്രധാനപ്പെട്ട ആവശ്യം അടിസ്ഥാന സൗകര്യങ്ങളുണ്ടാകണമെന്നുള്ളതാണ്.  അതിനായി വെട്ടിക്കുറച്ച പശ്ചാത്തല വികസന ഫണ്ട് വർദ്ധിപ്പിക്കണം.  അധികാര വികേന്ദ്രീകരണം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാകണമെങ്കിൽ അധികാരം താഴെത്തട്ടിൽ എത്തണം.  ഈ സാമ്പത്തികവർഷമുണ്ടായ ഇത്തരം ക്രമക്കേ

ടുകൾ ഇനിയുണ്ടാകാതെ ശ്രദ്ധിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും വേണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിപ്രവർത്തനങ്ങളെ സംബന്ധിച്ച് പ്രകടിപ്പിച്ചിട്ടുള്ള ആശങ്ക അടിസ്ഥാനരഹിതമാണ്. 2006-07-ലെ പദ്ധതിക്കാലയളവിൽ 80 ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ച തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബാക്കിയുള്ള 20 ശതമാനം തുക 2007-08-ൽ സ്പിൽ ഓവർ വർക്കുകൾക്ക് ഉപയോഗിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. സ്പിൽ ഓവർ വർക്കുകൾ കംപ്ലീറ്റ് ചെയ്യാൻ നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഇതു സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 14-5-2007-ലും സബ്സിഡികൾ സംബന്ധിച്ച ഉത്തരവുകൾ 24-7-2007-ലും പുറപ്പെടുവിച്ചു. ഇതിലേയ്ക്കാവശ്യമായ ഫോറങ്ങൾ സി.ഡി.യിലാക്കി ആഗസ്റ്റ് മാസം 3-ാം തീയതിക്കുമുമ്പായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് എത്തിച്ചിട്ടുണ്ട്. 11-ാം പഞ്ചവൽസരപദ്ധതി അനുസരിച്ചുള്ള പദ്ധതികൾ രൂപീകരിക്കാനുള്ള എല്ലാ നടപടിക്രമങ്ങളും തദ്ദേശസ്വയംഭരണ വകുപ്പ് ഇതിനകം സ്വീകരിച്ചുകഴിഞ്ഞു. ഏതു പഞ്ചവൽസരപദ്ധതിയുടെയും ആദ്യവർഷത്തിൽ പദ്ധതി രൂപീകരണത്തിനു കാലതാമസം ഉണ്ടാകാറുണ്ട്. 10-ാം പഞ്ചവൽസരപദ്ധതിയുടെ നടത്തിപ്പിനെക്കാൾ വളരെ വേഗതയിലാണ് 11-ാം പദ്ധതിയുടെ നടത്തിപ്പുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 11-ാം പദ്ധതി ആരംഭിക്കുന്ന ഘട്ടത്തിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ചില പ്രത്യേക പരിശീലനങ്ങളും സംവിധാനങ്ങളും ഉണ്ടാക്കേണ്ടിവന്നിട്ടുണ്ട്. എന്നിരുന്നാലും കാലതാമസം കൂടാതെ 11-ാം പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കും.

(2) <u>പാചകവാതക വിതരണത്തിലെ തിരിമറി</u>

<u>ശ്രീ. എൻ. അനിരുദ്ധൻ:</u> പാചകവാതക വിതരണ രംഗത്തു നിലനിൽക്കുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. പാചകവാതകത്തിന്റെ ഉല്പാദന, സംഭരണ വിതരണ രംഗങ്ങളിൽ ഇപ്പോൾ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഐ.ഒ.സി. ബോട്ടിലിംഗ് പ്ലാന്റുകളിലേയ്ക്ക് പാചകവാതകം എത്തിക്കുന്നത് ഭാരത് പെട്രോളിയം കോർപ്പറേഷനാണ്. അന്താരാഷ്ട്ര മാർക്കറ്റിൽ പെട്രോളിയം ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുമ്പോഴുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ സിലിണ്ടറുകളുടെ വിതരണത്തിൽ കുറവു വരുത്തുന്ന തന്ത്രമാണ് ഇപ്പോൾ ഭാരത് പെട്രോളിയം കോർപ്പറേഷൻ സ്വീകരിച്ചു വരുന്നത്. പാചകവാതകത്തിന് ഗവൺമെന്റ് സബ്സിഡി നൽകുന്നത് ജനങ്ങൾക്ക് ആശ്വാസകരമാണ്. ഗ്യാസ് ഫില്ലിംഗ് യൂണിറ്റുകളിൽ വമ്പിച്ച രീതിയിൽ ക്രമക്കേടുകളും തിരിമറികളും നടക്കുന്നതായി ആക്ഷേപമുണ്ട്. അതു പരിശോധിക്കുന്നതിനോ പരിഹാരം കണ്ടെത്തുന്നതിനോ വേണ്ടത്ര സംവിധാനം ഇന്നില്ല. പാചകവാതകം ഗാർഹികേതര ആവശ്യത്തിനുപയോഗിക്കുന്നതിന് ചില നിയന്ത്രണങ്ങൾ ഉണ്ടെങ്കിലും.അവയൊന്നും ഫലപ്രദമല്ല. കൺസ്യൂമേഴ്സിന്റെ എണ്ണം ക്രമാതീതമായി ഉയർന്നതുകൊണ്ട് പാചകവാതകം സമയത്തിനു ലഭിക്കുന്നില്ലെന്നുള്ളത് ഒരു സാമൂഹ്യപ്രശ്നമായി മാറിയിട്ടുണ്ട്. ഈ രംഗത്ത് നിലനിൽക്കുന്ന പാകപ്പിഴകൾ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 2000-ലെ എൽ.പി.ജി. റെഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ ഉത്തരവും എസ്സെൻഷ്യൽ കമ്മോഡിറ്റീസ് ആക്ടിലെ വ്യവസ്ഥയുമനുസരിച്ച് നടപടികൾ സ്വീകരിക്കാമെങ്കിലും അതിനും പരിമിതികളുണ്ട്. ഈ രംഗത്ത്

നിലനിൽക്കുന്ന പാകപ്പിഴകളും പരാതികളും ദൂരീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സംസ്ഥാന ഗവൺമെന്റിന് എൽ.പി.ജി. സിലിണ്ടർ വിതരണത്തിൽ ഇടപെടാൻ പരിമിതികളുണ്ട്. ഇന്ത്യയിലെ മൂന്ന് ഓയിൽ കമ്പനികളുടെ നിയന്ത്രണത്തിലാണ് ഗ്യാസ് ഫില്ലിംഗ് യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. അവരാണ് കേരളത്തിലെ ഏജൻസികളെ തീരുമാനിക്കുന്നതും റദ്ദാക്കുന്നതും. ഈ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്; അടിയന്തിര നടപടികൾ സ്വീകരിക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകിയിട്ടുണ്ട്. ഐ.ഒ.സി., ബി.പി.സി.എൽ. എച്ച്.പി.സി.എൽ എന്നീ ഓയിൽ കമ്പനികളുടെ കീഴിലുള്ള 356 ഗ്യാസ് ഏജൻസികളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. ഗ്യാസിന്റെ ദുരുപയോഗം തടയുന്നതിന് ഗവൺമെന്റ് കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി മന്ത്രിതലത്തിൽ സംസ്ഥാനതല ഉദ്യോഗസ്ഥരുടെയും ഓയിൽ കമ്പനിയുടെ പ്രതിനിധികളുടെയും ഏജൻസികളുടെയും സന്നദ്ധ സംഘടനകളുടെയും യോഗം വിളിച്ചു ചേർത്ത് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ മൂന്ന് മാസത്തിലൊരിക്കൽ എല്ലാ ജില്ലകളിലും ഓപ്പൺ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാതലത്തിൽ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരുടെ സ്ക്വാഡുകൾ വ്യാപകമായി റെയ്ഡ് നടത്തി അനധികൃത സിലിണ്ടറുകൾ കണ്ടെത്തുകയും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേരളത്തിലേയ്ക്കുള്ള പാചകവാതക

ത്തിന്റെ ക്വാട്ട വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സിലിണ്ടറുകൾ ലഭ്യമാക്കുന്നതിനും ദുരുപയോഗം തടയുന്നതിനും നടപടികൾ സ്വീകരിക്കുന്നതോടൊപ്പം മണ്ണെണ്ണയുടെ വിഹിതം കൂട്ടാൻ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ഗ്യാസ് എത്തിക്കാൻ സാധിക്കാതെ വരുന്നതു സംബന്ധിച്ച ഓയിൽ കമ്പനിക്കാരുടെ പരാതികളും പരിശോധിക്കേണ്ടതാണ്.

**സബ്മിഷൻ**

(1) ഡബ്ള്യൂ.എച്ച്.ഒ. യുടെ സഹായം

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ചിക്കുൻഗുനിയ, ഡങ്കിപ്പനി, പകർച്ചപ്പനി എന്നിവമൂലം മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് നൽകാൻ തീരുമാനിച്ചിരുന്ന 25,000 രൂപ ധനസഹായം അർഹതപ്പെട്ട എല്ലാ കുടുംബങ്ങൾക്കും എത്രയും വേഗം നൽകാനും സൗജന്യ റേഷനും പനി കിറ്റും നൽകാനും നടപടി സ്വീകരിക്കണം. പനിയെത്തുടർന്നുണ്ടാകുന്ന പ്രശ്നങ്ങൾ അതീവ ഗുരുതരമായി തുടരുന്നതിനാൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ ഒരു ടീമിനെക്കൊണ്ട് വിദഗ്ദ്ധ പരിശോധന നടത്തണം. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ). പനിബാധിത പ്രദേശങ്ങളിൽ ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പിന്റെ സഹായത്തോടുകൂടി 4-9-2007 വരെ 313213 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. എസ്.സി./ എസ്.ടി. വിഭാഗത്തിലേയും തോട്ടം തൊഴിലാളികളുടെയും കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 16-8-2007 വരെ ലിസ്റ്റിൽ പേരു ചേർത്തിട്ടുള്ള എല്ലാവർക്കും

ഭക്ഷ്യകിറ്റുകൾ നൽകും. വിതരണം ചെയ്തിട്ടില്ലെങ്കിൽ അതു പരിശോധിക്കാം. രോഗബാധിതരെ സഹായിക്കാൻ 8 കോടി രൂപ സംസ്ഥാന ഗവൺമെന്റ് അനുവദിച്ചു. ഐ.എം.എ. ഉൾപ്പെടെയുള്ള സന്നദ്ധസംഘടനകളുടെ സഹായവും ലഭിച്ചിട്ടുണ്ട്. പനി ബാധിതർക്ക് സൗജന്യ റേഷനും അനുവദിച്ചിട്ടുണ്ട്. പനിമൂലമാണ് മരിച്ചതെന്ന് ഡി.എം.ഒ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള 327 പേരുടെ കുടുംബങ്ങൾക്ക് 25,000 രൂപ വീതം ധനസഹായം അനുവദിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് സംഘം പനിബാധിത പ്രദേശങ്ങൾ സന്ദർശിച്ചിട്ടുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റിൽ ഉള്ളതുപോലെ പകർച്ചവ്യാധി നിയന്ത്രണ സെൽ കേരളത്തിലും രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(2) <u>വിമാനങ്ങൾ ക്യാൻസൽ ചെയ്യുന്നതുമൂലം യാത്രക്കാർ അനുഭവിക്കുന്ന വിഷമതകൾ</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u> : കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ 33 പ്രാവശ്യം യാതൊരു മുന്നറിയിപ്പുമില്ലാതെ കരിപ്പൂരിൽ നിന്നും വിദേശരാജ്യങ്ങളിലേയ്ക്ക് പോകേണ്ട വിമാനങ്ങൾ വൈകി യാത്ര തുടരുകയും കുറെയധികം സർവ്വീസുകൾ ക്യാൻസൽ ചെയ്യുകയും ചെയ്തതുമൂലം പലർക്കും ജോലി നഷ്ടപ്പെടുകയും പലരുടേയും വിസയുടെ കാലാവധി തീരുകയും ചെയ്തിട്ടുണ്ട്. ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി <u>(ശ്രീ. വി.എസ്. അച്ചുതാനന്ദൻ)</u>: 2006-ൽ അന്താരാഷ്ട്ര വിമാനത്താവളമായി പ്രഖ്യാപിച്ച കോഴിക്കോട് വിമാനത്താവളം ഇപ്പോൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാണ്. അവിടെ നിന്ന് എയർ ഇൻഡ്യ,

ഇൻഡ്യൻ എയർലൈൻസ് എന്നീ പൊതുമേഖലാ വിമാനക്കമ്പനികളും സ്വകാര്യ കമ്പനികളും സർവ്വീസ് നടത്തുന്നുണ്ട്. വ്യോമ ഗതാഗതം പൂർണ്ണമായും കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലാണ്. വിമാനങ്ങളുടെ ലഭ്യതക്കുറവ്, പൈലറ്റുമാരുടെ ഡിലേ, എയർപോർട്ടിൽ വിമാനം ഇറങ്ങാൻ കഴിയാത്ത മോശമായ കാലാവസ്ഥ തുടങ്ങിയ കാരണങ്ങളാൽ ഫ്ളൈറ്റ് റദ്ദ് ചെയ്യുമ്പോൾ യാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടുണ്ടാകുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിയുന്നതും ഷെഡ്യൂൾ പ്രകാരം സർവ്വീസ് നടത്തുന്നതിന് എയർലൈൻസുകൾ പരമാവധി ശ്രദ്ധിക്കണമെന്ന് കമ്പനി അധികൃതരോട് നിർദ്ദേശിച്ചിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും കൂടുതൽ അന്തർദ്ദേശിയ സർവ്വീസുകൾ ആരംഭിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

## (3) ഹയർ സെക്കന്ററി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: ഫെഡറേഷൻ ഓഫ് ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി ടിച്ചേഴ്സിന്റെ ആഭിമുഖ്യത്തിൽ സെക്രട്ടേറിയേറ്റ് നടയിൽ ഒരു സമരം നടക്കുകയാണ്. ഹയർ സെക്കന്ററിയിലും വൊക്കേഷണൽ ഹയർ സെക്കന്ററിയിലും പ്രിൻസിപ്പൽമാരെ നിയമിക്കുക, ജൂനിയർ ലക്ച്ചറർമാരായി ജോലിയിൽ പ്രവേശിക്കുന്നവർ ജൂനിയർ ലക്ച്ചറർമാരായിത്തന്നെ റിട്ടയർ ചെയ്യുന്ന സ്ഥിതി ഒഴിവാക്കുക, ഹൈസ്ക്കൂളിൽ അഞ്ച് വർഷം കഴിഞ്ഞാൽ സാലറി പ്രോട്ടക്ഷൻ. കൊടുത്ത് സീനിയർ അദ്ധ്യാപകന് കൊടുക്കുന്ന ശമ്പളം ജൂനിയർ ലക്ച്ചറർമാർക്കും കൊടുക്കുന്ന രീതിയിൽ സാലറി പ്രൊട്ടക്ഷൻ കൊടുക്കുക, . ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സംഘടനകളുടെ പ്രതിനിധികളെ കരിക്കുലം കമ്മിറ്റിയിൽ ഉൾപ്പെടുത്തുക

തുങ്ങിയ ആവശ്യങ്ങളാണ് അവർ ഉന്നയിച്ചിട്ടുള്ളത്. 11-ാം ക്ലാസ്സിലെ പാഠപുസ്തക വിതരണം ഇതുവരേയും നടന്നിട്ടില്ല. ഇതിനൊക്കെ പഹിഹാരമുണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ഹയർ സെക്കന്ററിയിലേയും വൊക്കേഷണൽ ഹയർ സെക്കന്ററിയിലേയും പ്രിൻസിപ്പൽമാരുടെ നിയമനം, ജൂനിയർ ലക്ച്ചറർമാരുടെ പ്രൊമോഷൻ, കരിക്കുലം കമ്മിറ്റിയിൽ ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സംഘടനകളുടെ പ്രാതിനിധ്യക്കുറവ്, ആർ.ഡി.ബി. മേഖലാ ആഫീസുകളിലെ ജീവനക്കാരുടെ അപര്യാപ്തത, പ്ളസ് വൺ സിലബസ്സിലെ അനിശ്ചിതത്വം എന്നിവയെക്കുറിച്ചാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. പ്ളസ് വൺ സിലബസ്സിലെ അനിശ്ചിതത്വത്തെ സംബന്ധിച്ച് ഹൈക്കോടതി ഇന്നോ നാളേയോ ഒരു തീരുമാനമെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് അതിൻമേൽ അപ്പീലിന് പോകാതെ ഈ വർഷം ഹൈക്കോടതി പറയുന്ന കാര്യം നടപ്പാക്കുന്നതാണ്. മറ്റ് കാര്യങ്ങളിൽ അനുഭാവപൂർവ്വമായ നടപടി സ്വീകരിച്ച് പരിഹാരം കാണാൻ ശ്രമിക്കും. .

### (4) വയോജന നയം

ശ്രീ. പി. ജയരാജൻ: സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ള വയോജന നയവും കർമ്മ പദ്ധതിയും കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പിനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിരിക്കുകയാണ്. എന്നാൽ വയോജന നയത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടില്ല. പദ്ധതി വിഹിതത്തിന്റെ പത്ത് ശതമാനം തുക വയോജനക്ഷേമത്തിനായി മാറ്റിവയ്ക്കാനുള്ള നിർദ്ദേശം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കണം. വാർദ്ധക്യകാല

പെൻഷൻ സമയബന്ധിതമായി കൊടുക്കാൻ നടപടി സ്വീകരിക്കണം. വിധവ പെൻഷൻ പ്രായപൂർത്തിയായ ആൺമക്കളുള്ളവർക്കും നൽകുന്നുണ്ട്. എന്നാൽ വിഭാര്യൻമാർ ഇതിൽ ഉൾപ്പെടുന്നില്ല. ആ തടസ്സം നീക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): വന്ദ്യവയോജികരായ ലക്ഷക്കണക്കിന് സഹോദരങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നമാണിത്. സാമ്പത്തിക ഭദ്രതയുള്ള കുടുംബങ്ങളിലുള്ള പ്രായാധിക്യമുള്ളവരുൾപ്പെടെയുള്ളവരുടെ കാര്യമാണ്.. അവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2006-ലാണ് ഗവൺമെന്റ് വയോജന നയം അംഗീകരിച്ചത്. നയം അംഗീകരിച്ചതിനുശേഷം പ്രസ്തുത നയത്തിലെ വ്യവസ്ഥകളനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി രക്ഷാധികാരിയായും സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി ചെയർപേഴ്സണായും സംസ്ഥാന വയോജന കൗൺസിൽ നിലവിൽ വന്നു. ജില്ലാ കളക്ടർ ചെയർമാനായി ജില്ലാ വയോജന കൗൺസിലുകളും രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പാവപ്പെട്ട കുടുംബങ്ങളിലെ 18 വയസ്സ് കഴിഞ്ഞ ആൺമക്കളുള്ള വിധവകൾക്ക് പെൻഷൻ കിട്ടുകയില്ല എന്ന സ്ഥിതിക്ക് മാറ്റം വരുത്തി ആൺമക്കളായാലും പെൺമക്കളായാലും 18 വയസ്സ് കഴിഞ്ഞാലും വിധവാ പെൻഷൻ കൊടുക്കുന്നതിന് ഉത്തരവായിട്ടുണ്ട്. 18 വയസ്സ് കഴിഞ്ഞ ആൺ മക്കളോ പെൺമക്കളോ ഉള്ള വിഭാര്യൻമാർക്കും പെൻഷൻ കൊടുക്കുന്ന കാര്യം ആലോചിക്കുന്നതാണ്.

## (5) പ്ലാസ്റ്റിക് നിരോധനം

ശ്രീ.കെ.സി. വേണുഗോപാൽ: 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിനെ സ്വാഗതം

ചെയ്യുന്നു. ഒരു ഗവൺമെന്റ് ഉത്തരവിലൂടെ മാത്രം ഇത് നിരോധിക്കാൻ കഴിയുമോയെന്നുള്ള കാര്യം ആലോചിക്കേണ്ടതുണ്ട്. പല സ്ഥലങ്ങളിലും നിരോധിക്കപ്പെട്ട അളവിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ കുന്നുകൂടിക്കിടക്കുകയാണ്. പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ച് വ്യപകമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണം. നിരോധിക്കപ്പെട്ട പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കു പകരമുള്ള സംവിധാനത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാകണം. 'ക്ളീൻ കേരള മിഷന്റെ' ശുപാർശ പ്രകാരം 30 മൈക്രോണിനും 50 മൈക്രോണിനും ഇടയ്ക്കുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിക്കണം. മൈക്രോൺ അളക്കാനുള്ള മീറ്ററുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കണം. ത്രിതല പഞ്ചായത്തുകൾ, ജനപ്രതിനിധികൾ, നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻസ് തുടങ്ങി എല്ലാപേരേയും ഇതിൽ പങ്കാളികളാക്കിക്കൊണ്ട് ഈ സംരംഭം വിജയകരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) പ്ലാസ്റ്റിക് മാലിന്യങ്ങൾ വളരെ ഗുരുതരമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായും അമിതമായ പ്ലാസ്റ്റിക് ഉപയോഗം ജനങ്ങളുടെ ആരോഗ്യസ്ഥിതിയെ സാരമായി ബാധിക്കുന്നതായും മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങൾ നിരോധിക്കാൻ തീരുമാനിച്ചത്. പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനം ഊർജ്ജിതമാക്കുന്നതിനായി ഗവൺമെന്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിനുപുറമെ വിപുലമായ ബോധവത്കരണ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്.

ഹൈക്കോടതിയുടെ സ്റ്റേ നീക്കം ചെയ്യുന്ന മുറയ്ക്ക് 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങൾക്കും നിരോധനം ഏർപ്പെടുത്തുന്നതാണ്. നിരോധിക്കപ്പെട്ടിട്ടുള്ള അളവിലുള്ള പ്ലാസ്റ്റിക് ഉല്പന്നങ്ങൾ കച്ചവടം നടത്തുകയോ ഉപയോഗിക്കുകയോ ചെയ്യുന്നവരിൽനിന്ന് ഒരു ലക്ഷം രൂപ പിഴ ഈടാക്കുന്നതിനും 5 വർഷംവരെ തടവുശിക്ഷ വിധിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കുടുംബശ്രീയുടെയും മറ്റ് സ്വയംസഹായ സംഘങ്ങളുടെയും നേതൃത്വത്തിൽ പേപ്പർ ബാഗുകൾ, തുണി സഞ്ചികൾ എന്നിവ പകരം സംവിധാനം എന്നുള്ള നിലയ്ക്ക് നിർമ്മിച്ചുവരുന്നു. പ്ലാസ്റ്റിക് നിരോധനത്തിന്റെ ഭാഗമായി ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാതെ മുന്നോട്ടുപോകാൻ ആവശ്യമായ സംവിധാനം ഒരുക്കുന്നതാണ്.

## (6) <u>പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ്</u>

<u>ശ്രീ. സാജു പോൾ</u>: 2001 മുതൽ അടഞ്ഞുകിടക്കുന്ന 1500-ലധികം തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് കമ്പനി തുറന്നു പ്രവർത്തിപ്പിക്കാൻ സർക്കാർ തീരുമാനം എടുത്തതിന്റെ അടിസ്ഥാനത്തിൽ അതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായ വകുപ്പുമന്ത്രി (<u>ശ്രീ.എളമരം കരീം</u>): ഗവൺമെന്റിന് 36 ശതമാനം ഓഹരി പങ്കാളിത്തമുള്ള പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തുറന്ന് പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കോയമ്പത്തൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എൻ.ഡി.ഇ.ഇ. ഗ്രൂപ്പിന്റെ ചെയർമാനുമായി ഗവൺമെന്റ് എട്ടോളം ആനുകൂല്യങ്ങൾ നൽകാമെന്ന വ്യവസ്ഥയിൽ കരാറിലേർപ്പെടുകയുണ്ടായി. ആവർത്തിച്ച് ഓർമ്മപ്പെടുത്തലുകൾ

ഉണ്ടായിരുന്നിട്ടും കോ-പ്രൊമോട്ടറുടെ ഭാഗത്തുനിന്നും അനന്തര നടപടികൾ ഉണ്ടാകാതിരുന്നതിനാൽ എൻ.ഡി.ഇ.ഇ. ഗ്രൂപ്പുമായുള്ള കരാർ ഉടമ്പടി റദ്ദ് ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. ഇലഞ്ഞിക്കൽ ഗ്രൂപ്പ് ഓഫ് കമ്പനിയുടെ പ്രസിഡന്റ് ആദ്യത്തെ മൂന്ന് വർഷം കൊണ്ട് 250 കോടി രൂപ മുതൽ മുടക്കി കമ്പനി ഏറ്റെടുക്കുന്നതിന് മുന്നോട്ടുവരികയും ഗവൺമെന്റുമായും വിവിധ ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ചകൾ നടത്തുകയും കമ്പനി ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ധനം, വ്യവസായം, തൊഴിൽ, ഫിഷറീസ്, വൈദ്യുതി വകുപ്പ് മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗ നിർദ്ദേശ പ്രകാരം വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായുള്ള സബ് കമ്മിറ്റി മൂന്ന് പ്രാവശ്യം യോഗം ചേർന്ന് പ്രൊപ്പോസൽ വിശദമായി പരിശോധിച്ചു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 16-7-2007-ൽ നടന്ന യോഗത്തിൽ പ്രസ്തുത നിർദ്ദേശങ്ങൾ വിശദമായി ചർച്ച ചെയ്യുകയും 8-8-2007-ലെ മന്ത്രിസഭാ യോഗത്തിൽ അത് അംഗീകരിക്കുകയും മുൻപ്രൊമോട്ടറുമായുള്ള കരാർ അവസാനിപ്പിക്കുകയും ചെയ്തു. പതിനൊന്നോളം പ്രധാനപ്പെട്ട തീരുമാനങ്ങൾ അംഗീകരിക്കുകയുണ്ടായി. മന്ത്രിസഭാ യോഗത്തിലെ തീരുമാനങ്ങളുടെയും സർക്കാർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ പുതിയ പ്രൊമോട്ടറുമായി സർക്കാരും ട്രാവൻകൂർ റയോൺസ് മാനേജിംഗ് ഡയറക്ടറും സമ്മതപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എത്രയും വേഗം കമ്പനി തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

## (7) ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോ

ശ്രീ.പി.സി. ജോർജ്: 76 ബസ്സുകളും 67 ഷെഡ്യൂളുകളുമായി 2001-ൽ ആരംഭിച്ച ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോ ഇന്ന് 49 ബസ്സുകളും 42 ഷെഡ്യൂളുകളുമായി വളരെ ശോചനീയാവസ്ഥയിലായിരിക്കുകയാണ്. പ്രധാനപ്പെട്ട പല ഇന്റർ സ്റ്റേറ്റ് സർവ്വീസുകളും ചെയിൻ സർവ്വീസുകളും നിർത്തലാക്കിയിരിക്കുകയാണ്. ഈ സാഹചര്യം ഒഴിവാക്കി ഈ ഡിപ്പോയെ പഴയ നിലയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ 49 ബസ്സുകൾ ഉപയോഗിച്ച് 38 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്. 2005-06 കാലഘട്ടത്തിൽ ചില സർവ്വീസുകൾ താൽക്കാലികമായി നിർത്തിയിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറക്കുന്ന മുറയ്ക്ക് നിലവിലുള്ള എല്ലാ സർവ്വീസുകളും ഓപ്പറേറ്റ് ചെയ്യാൻ കഴിയും. കുടാതെ ലാഭകരമായി ഓടിക്കാൻ കഴിയുന്ന പുതിയ സർവ്വീസുകൾ നടത്തുന്ന കാര്യവും ആലോചിക്കുന്നതാണ്.

## (8) ഉൽസവങ്ങൾക്ക് ആനകളെ എഴുന്നള്ളിക്കുന്നതിനുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ.ബാബു എം. പാലിശ്ശേരി: തൃശ്ശൂർ സബ് ഡിവിഷണൽ മജിസ്ട്രേട്ടിന്റെ 22-01-2007-ലെ ഉത്തരവു പ്രകാരം ഉൽസവങ്ങൾക്കും മറ്റും ആനകളെ എഴുന്നള്ളിക്കാൻ സാധിക്കാത്ത അവസ്ഥ സംജാതമായിരിക്കുകയാണ്. എഴുന്നള്ളത്തിൽ ആനകളാലുണ്ടാകുന്ന എല്ലാവിധ അപകടങ്ങൾക്കും ആനകളെ ഒരു ദിവസത്തേയ്ക്ക്

പാട്ടത്തിനെടുക്കുന്ന ഉൽസവക്കമ്മിറ്റിക്കാരാണ് ഉത്തരവാദികൾ എന്ന ഉത്തരവ് കാരണം ഉൽസവങ്ങൾക്ക് ആനകൾ വേണ്ട എന്ന സ്ഥിതിയുണ്ടായിത്തുടങ്ങിയിട്ടുണ്ട്. ആനയുടമസ്ഥർ പാലിക്കേണ്ട നിബന്ധനകളും പാപ്പാന്മാർക്ക് വനം വകുപ്പ് പരിശീലനം നൽകുന്നതുൾപ്പെടെയുള്ള, ആനകളാൽ അപകടങ്ങൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ നല്ലതാണ്. ഈ സാഹചര്യത്തിൽ കാലാകാലങ്ങളായി നിലനിൽക്കുന്ന ആനയെഴുന്നള്ളത്ത് നിർത്തലാകാതിരിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഉൽസവങ്ങൾക്കും ആഘോഷങ്ങൾക്കും ആനകളെ എഴുന്നള്ളിക്കുമ്പോൾ ആനകളുടെ ഉടമസ്ഥരും പാപ്പാന്മാരും പാലിക്കേണ്ട നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് 22-01-2007-ൽ തൃശ്ശൂർ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുജന സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയുള്ള ഉത്തരവാണിത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ ഇതുവരെ ഒരു കേസ് പോലും രജിസ്റ്റർ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ ആവശ്യമായ പരിശോധന നടത്തുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

### (9) തോട്ടപ്പള്ളി വാഹനാപകടം

ശ്രീ. ബി. ബാബു പ്രസാദ്: 27-08-2007-ൽ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ തോട്ടപ്പള്ളി നാഷണൽ ഹൈവേയിൽ വച്ചുണ്ടായ വാഹനാപകടത്തിൽ മരിച്ച നാലുപേരുടെ ആശ്രിതർക്കും ഗുരുതരമായി പരിക്കേറ്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട അഞ്ചുപേർക്കും അടിയന്തിര നഷ്ടപരിഹാരം നൽകണം.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): 27-08-2007-ന് വൈകുന്നേരം 5 മണിക്ക് തോട്ടപ്പള്ളിയിൽ കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് ബസ്സും ടാറ്റാ സുമോ കാറും കൂട്ടിമുട്ടിയുണ്ടായ അപകടത്തിൽ ഒരു കുട്ടിയുൾപ്പെടെ 4 പേർ മരിക്കുകയും ബസ്സ് ഡ്രൈവറും കണ്ടക്ടറുമുൾപ്പെടെ 16 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. അപകടം നടന്ന സ്ഥലം സംഘർഷഭരിതമായിരുന്നതിനാൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അവിടെ പോയി സാമ്പത്തിക സഹായം നൽകാൻ കഴിയാതെവന്നു. മരിച്ചവരുടെ ആശ്രിതർക്കുള്ള സാമ്പത്തിക സഹായം എം.എ.സി.ടി. ക്ളെയിം അനുസരിച്ചു നൽകുന്നതാണ്. എം.എ.സി.ടി. കേസുകൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കാവുന്ന കേസുകളിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സഹായത്തിനുള്ള പരിഗണന ലഭിക്കാറില്ല. നിലവിൽ ഇവർക്ക് എന്തെങ്കിലും സഹായം നൽകാൻ സാധിക്കുമോ എന്നതു സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

### (10) കോസ്റ്റൽ റഗുലേഷൻ സോൺ വിജ്ഞാപനത്തിലെ നിബന്ധനകൾ നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: കേരളത്തിലെ 590 കിലോമീറ്ററോളം വരുന്ന കടലോര പ്രദേശങ്ങളിൽ താമസിക്കുന്ന മൽസ്യത്തൊഴിലാളികൾ 1991-ലെ കോസ്റ്റൽ റെഗുലേഷൻ സോൺ വിജ്ഞാപനം മൂലം ഭയാശങ്കയിലാണ്. വീട് വയ്ക്കാനോ ഉള്ളവയ്ക്ക് നമ്പറോ വൈദ്യുതി കണക്ഷനോ പോലും ലഭിക്കാത്ത അവസ്ഥയാണ്. വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിലൂടെ ഈ മേഖല ഘോരവനമാകുകയും അത് സെൻട്രൽ ഫോറസ്റ്റ് ആക്റ്റിന്റെ പരിധിയിൽ വരുകയും ചെയ്യും.

ഇതിന്റെ ഫലമായി മൽസ്യത്തൊഴിലാളികൾക്ക് അവരുടെ ഉപജീവനമാർഗ്ഗം തടസ്സപ്പെടുന്ന അവസ്ഥയുണ്ടാകും. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി അവരെ വിദൂരപ്രദേശങ്ങളിൽ കൊണ്ടുപോയി താമസിപ്പിക്കുന്നതും മൽസ്യബന്ധനത്തിനു തടസ്സം സൃഷ്ടിക്കും. പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് സത്വര നടപടികൾ സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ): 1991-ൽ പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനമനുസരിച്ച് 200 മീറ്റർ വരെയുള്ള കടലോര പ്രദേശം വികസനരഹിത മേഖലയായി പ്രഖ്യാപ്പിക്കപ്പെട്ടതിനാൽ അവിടെ മൽസ്യത്തൊഴിലാളികൾക്ക് വീടുവയ്ക്കാൻ നിയന്ത്രണമുണ്ട്. സി.ആർ.സെഡ് നിയമം കണക്കിലെടുത്തുകൊണ്ട് സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 325.54 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനുവേണ്ടി റവന്യൂ വകുപ്പ് സ്ഥലം ഏറ്റെടുക്കുകയും ഹൗസിങ്ങ് ബോർഡ് ഭവനനിർമ്മാണം ഏറ്റെടുക്കുകയും മൽസ്യബന്ധന, തദ്ദേശ സ്വയംഭരണ വകുപ്പുകൾ ഗുണഭോക്താക്കളെ കണ്ടുപിടിക്കുകയും ചെയ്യുന്നതായിരിക്കും. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വ്യക്തമായ മാനദണ്ഡം റവന്യൂ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. 25.56 കോടി രൂപയുടെ ഹരിതതീര പദ്ധതി 3 വർഷങ്ങളിലായി നടപ്പാക്കാനുദ്ദേശിക്കുന്നു. ആദ്യത്തെ രണ്ട് വർഷങ്ങളിലായി ഒഴിഞ്ഞുകിടക്കുന്നതും മൽസ്യത്തൊഴിലാളികൾ വസിക്കാത്തതുമായ സ്ഥലങ്ങളിലാണ് മരം വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം.

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ്: ഓർഡിനൻസ് റീപ്ളേയ്സ് ചെയ്യുമ്പോൾ ഡീറ്റെയിൽഡായി ചർച്ച ചെയ്യാൻ സമയം അനുവദിക്കണം. രണ്ട്-മൂന്ന് ഓർഡിനൻസുകൾ ഒരേ ദിവസംകൊണ്ടുവന്ന് പാസ്സാക്കുന്നത് ശരിയല്ല. അതുകൊണ്ട് ഇതിനെ എതിർക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളെക്കുറിച്ചുള്ള ചർച്ചയ്ക്കുള്ള ദിവസങ്ങൾ കുറച്ചുകൊണ്ടിരിക്കുകയാണ്. കാര്യോപദേശക സമിതി മീറ്റിംഗിൽ ഞങ്ങളുടെ അഭിപ്രായംകൂടി കണക്കിലെടുത്തിരുന്നെങ്കിൽ ഇത് വരില്ലായിരുന്നു. ഏകപക്ഷീയമായ തീരുമാനം സർക്കാർ എടുത്തിരിക്കുകയാണ്. ഈ രൂപത്തിൽ ബില്ലുകളുടെ ചർച്ചയ്ക്കുള്ള സമയം വെട്ടിക്കുറയ്ക്കുന്നത് ജനാധിപത്യ

അവകാശധ്വംസനവും ലംഘനവും ആയതിനാൽ ബില്ലുകൾ ചർച്ച ചെയ്യുന്നതിന് കൂടുതൽ സമയം അനുവദിക്കണം.

ശ്രീ. കെ. എം. മാണി : കാര്യോപദേശക സമിതി റിപ്പോർട്ടിനെ എതിർക്കുകയാണ്. വെള്ളിയാഴ്ചയും നിയമനിർമ്മാണത്തിനുവേണ്ടി നീക്കിവച്ചത് ശരിയല്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ഏകപക്ഷീയമായി തീരുമാനമെടുത്തിരിക്കുകയാണ്. അത്യാവശ്യ സമയങ്ങളിൽ നിയമഭ വിളിച്ചുകൂട്ടുകയും ഓർഡിനൻസ് റീപ്ളേയിസ് ചെയ്തുകൊണ്ടുള്ള ബില്ലുകൾ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ അംഗങ്ങൾക്ക് വിശദമായി ചർച്ച ചെയ്യാൻ സമയം അനുവദിക്കേണ്ടതാണ് പല സുപ്രധാനമായ ബില്ലുകളും ഒരു ദിവസംകൊണ്ട് ചർച്ച ചെയ്ത് പാസ്സാക്കാൻ പോകുകയാണ്. അതിലെല്ലാം അംഗങ്ങൾക്ക് ഭരണഘടനാപരമായ പല പ്രശ്നങ്ങളും ചർച്ച ചെയ്യാനുണ്ടാകും. അതിനുള്ള സൗകര്യം തരാതെ ബില്ലുകൾ പാസ്സാക്കുന്ന പ്രവണതയെ എതിർക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : ഇവിടെ പറഞ്ഞ എതിർപ്പുകളോട് യോജിക്കുകയാണ്. അവിചാരിതമായി എന്തെങ്കിലും പ്രശ്നങ്ങൾ വരുമ്പോഴോ, ഏതെങ്കിലും പുതിയ പ്രശ്നം ചർച്ചയ്ക്ക് എടുക്കണമെങ്കിലോ, അത്യാവശ്യ ഘട്ടത്തിലോ, അവധി വരുമ്പോഴോ മാത്രമാണ് വെള്ളിയാഴ്ചകളിൽ ഗവൺമെന്റ് ബിസിനസ്സ് താൽക്കാലികമായി എടുത്തിട്ടുള്ളത്. ഇപ്പോൾ അങ്ങനെയൊരു സാഹചര്യമില്ല. ഗവൺമെന്റ് ലിസ്റ്റ്ചെയ്ത് കണക്കാക്കിയ ദിവസങ്ങൾ നഷ്ടപ്പെട്ടിട്ടില്ല. നിയമനിർമ്മാണത്തോട് സഹകരിക്കാൻ പ്രതിപക്ഷം തയ്യാറാണ്. അതിന് സമയം കണ്ടെത്തേണ്ട ബാദ്ധ്യതയും ഉത്തരവാദിത്വവും ഗവൺമെന്റിനുണ്ട്. അല്ലെങ്കിൽ അത് തെറ്റായ കീഴ്വഴക്കമാണ്.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്യുതാനന്ദൻ): ബി.എ.സി.യുടെ യോഗത്തിൽത്തന്നെ ഈ കാര്യങ്ങൾ ദീർഘമായി സംസാരിച്ച് പൊതുധാരണയിലെത്തിയതാണ്. വളരെ പ്രധാനപ്പെട്ട ഓർഡിനൻസുകൾ നിയമമാക്കാൻ വേണ്ടിയാണ് ഈ പ്രത്യേക സമ്മേളനം വിളിച്ചുചേർത്തത്. എന്നാൽ ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ തികച്ചും അപഹാസ്യമാക്കിത്തീർക്കുന്ന നയമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. നിയമനിർമ്മാണ കാര്യങ്ങളിൽ എല്ലാപേരും സഹകരിക്കണം.

ശ്രീ. കെ.ബാബു:- കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് വീണ്ടും പരിഗണിക്കുന്നതിനായി അതേ കമ്മിറ്റിക്കു തന്നെ തിരിച്ചയക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വെള്ളിയാഴ്ച ദിവസം അനൗദ്യോഗിക അംഗങ്ങളുടെ കാര്യങ്ങൾക്കുള്ളതാണ്. 7-ാം തീയതി വെള്ളിയാഴ്ച ഗവൺമെന്റ് കാര്യങ്ങൾക്ക് മാറ്റിവയ്ക്കുന്നതുമൂലം അനൗദ്യോഗിക അംഗങ്ങളുടെ ബിസിനസ്സിനായി മറ്റൊരു ദിവസം സ്പീക്കർ നിശ്ചയിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഈ സഭ വിളിച്ചുകൂട്ടിയതുതന്നെ ഓർഡിനൻസിന് പകരമുള്ള നിയമം കൊണ്ടുവരാൻ വേണ്ടിയാണ്. ഇതുപോലെ സമാനമായ പ്രശ്നങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഉണ്ടായിരുന്നു; അന്നത്തെ പ്രതിപക്ഷം പൂർണ്ണമായി സഹകരിക്കുകയും ചെയ്തിരുന്നു. ഈ ഓർഡിനൻസുകൾ പാസ്സാക്കാൻ സഹകരിക്കാതെ, ഈ ഗവൺമെന്റ് ഓർഡിനൻസ് ഭരണമാണ് നടത്തുന്നത് എന്ന് വരുത്തിത്തീർക്കാനുള്ള ശ്രമമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുള്ളത്.

ശ്രീ. കെ. ബാബു അവതരിപ്പിച്ച ഭേദഗതി 30-നെതിരെ 69 വോട്ടുകളോടെ സഭ നിരാകരിച്ചു.

കാര്യോപദേശക സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയ്ക്ക് അയക്കണമെന്ന പ്രമേയവും

(1) 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ):- 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): നിലവിലുള്ള പോലീസ് നിയമത്തിലെ ഏതാനും ചില വകുപ്പുകൾക്ക് ഭേദഗതി വരുത്താൻ ഉദ്ദേശിച്ചാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ബ്രിട്ടീഷ് ഭരണകാലത്ത് രൂപകൽപ്പന ചെയ്ത

പോലീസ് സംവിധാനമാണ് ഇന്ന് സംസ്ഥാനത്ത് നിലനിൽക്കുന്നത്. 1957-ലെ ഇ.എം.എസ്. മന്ത്രിസഭ പോലീസ് സേനയുടെ ഘടനയെ സംബന്ധിച്ച് പഠിക്കാൻ നിയമിച്ച ചാറ്റർജി കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശുപാർശകൾ പരിഗണിക്കാതെയാണ് 1960-ൽ കേരള പോലീസ് ആക്ട് തയ്യാറാക്കിയതും 1961-ൽ ആക്ട് പാസ്സാക്കിയതും. ഇതര സംസ്ഥാനങ്ങളിൽ ഒട്ടേറെ മാറ്റങ്ങൾ വന്നിട്ടുണ്ടെങ്കിലും കേരള പോലീസ് സംവിധാനത്തിൽ വേണ്ടത്രമാറ്റം വന്നിട്ടില്ലെന്ന് തുടർന്ന് നിയോഗിച്ച നിരവധി കമ്മീഷനുകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾത്തന്നെ കേരള പോലീസ് ആക്ട് സമഗ്രമായി പരിഷ്ക്കരിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുകയുണ്ടായി. എല്ലാ സംസ്ഥാനങ്ങളോടും അടിയന്തിരമായി പരിഷ്കരണനിയമങ്ങൾ കൊണ്ടുവരണമെന്ന് സുപ്രീംകോടതി നിർദ്ദേശിക്കു കയുണ്ടായി സുപ്രീംകോടതിയുടെ ഈ നിർദ്ദേശം കണക്കിലെടുത്തു കൊണ്ടാണ് കേരള പോലീസ് ആക്ട് ഭേദഗതി ചെയ്തുകൊണ്ടുള്ള ഓർഡി നൻസ് ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളത്. എന്നാൽ കേരള പോലീസ് ആക്ട് സമഗ്രമായി പരിഷ്ക്കരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. അതി ലേയ്ക്കായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് സമ ഗ്രമായ ഒരു പരിഷ്ക്കരണ ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതായിരി ക്കും. സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് നിയമ നിർമ്മാണം നടത്തുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം കേരളമാണ്. ഈ നിയമത്തിൽ പോലീസിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഒരു സെക്യൂരിറ്റി കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടു ണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതിയും പോലീസുകാരുടെ പരാതിയും അന്വേഷിക്കുന്നതിന് കംപ്ലെയിന്റ്സ് അതോറിറ്റി രൂപീകരിക്കാൻ

തീരുമാനിച്ചിട്ടുണ്ട്. പോലീസും ജനങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തണം. ജനങ്ങളോട് പ്രതിബദ്ധതയുള്ള ഒരു സേനയാക്കി പോലീസ് സേനയെ മാറ്റണമെന്നതാണ് സംസ്ഥാന ഗവൺമെന്റിന്റെ നിലപാട്.

Shri A.P. Anilkumar: I move that "This House resolves to disapprove The Kerala Police (Amendment) Ordinance, 2007 (Ordinance No.45 of 2007). പോലീസ് സേനയുടെ ഘടനയെ സംബന്ധിച്ച് സമഗ്രമായ ഒരു നിയമം കൊണ്ടുവരുമെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. സുപ്രീംകോടതിയുടെ നിർദ്ദേശം നിർബന്ധപൂർവ്വം നടപ്പാക്കേണ്ടിവന്നതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതിയെ ബോധ്യപ്പെടുത്തുന്നതിനുവേണ്ടി മാത്രമാണ് ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. 1961-ലെ കേരള പോലീസ് ആക്ടിൽ സമഗ്രമായ മാറ്റം ആവശ്യമാണ്. എന്നാൽ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ പോലീസിന്റെ അവസ്ഥ വളരെ പരിതാപകരമാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം രാജ്യമൊട്ടാകെ മാറ്റമുണ്ടായിട്ടും കേരള പോലീസിന്റെ പ്രവർത്തനങ്ങൾക്ക് യാതൊരു മാറ്റവും വന്നിട്ടില്ല. സുരക്ഷാ കമ്മീഷനും പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡും പോലീസ് കംപ്ലെയിന്റ് അതോറിറ്റിയും രൂപീകരിക്കുന്നതോടൊപ്പം ക്രമസമാധാനവും കേസന്വേഷണവും വേർതിരിക്കുന്ന ഒരു സംവിധാനം ആവശ്യമാണ്. ഓരോ സ്റ്റേഷനിലേയും പോലീസുകാരുടെ സ്ട്രെങ്ത്ത് വർദ്ധിപ്പിക്കേണ്ടതാണ്. അക്രമങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ ക്രമസമാധാനത്തിനും അന്വേഷണത്തിനും ആവശ്യമായ പോലീസുകാർ ഇന്നില്ല. വളരെയേറെ ദൂരപരിധിയുള്ള സ്റ്റേഷനുകളെ വിഭജിച്ച് പുതിയ സ്റ്റേഷനുകൾ ആരംഭിക്കണം. ബില്ലിലെ വകുപ്പ് 4 (എ) പ്രകാരം പോലീസ്

ഓഫീസറുടെ ഏറ്റവും കുറഞ്ഞ ഉദ്യോഗ കാലാവധി 2 വർഷമെന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഏറ്റവും അപകടമായ സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ എത്തിക്കുന്നത്. സ്വതന്ത്രമായി നിയമം നടപ്പാക്കുന്നതിന് പോലീസുകാരെ അനുവദിക്കാതെ ഭയപ്പാട് ഉണ്ടാക്കുന്നത് ഉചിതമല്ല. സംസ്ഥാന സുരക്ഷാ കമ്മീഷനിൽ ഗവർണ്ണർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അനൗദ്യോഗിക അംഗങ്ങളുണ്ട്. ഈ അനൗദ്യോഗിക അംഗങ്ങളെ നോമിനേറ്റ് ചെയ്യാനുള്ള മാനദണ്ഡം എന്താണെന്ന് ബില്ലിൽ വ്യക്തമല്ല. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ നിയമം പാസ്സാക്കുന്നു എന്നതാണ് ഗവണ്മെന്റിന്റെ സമീപനമെങ്കിൽ കേരളത്തിലെ പോലീസ് സേനയിൽ ഒരു മാറ്റവും വരുത്താൻ ഈ നിയമം കൊണ്ട് കഴിയില്ല.. ആഭ്യന്തര വകുപ്പു മന്ത്രി ചെയർമാനായ സംസ്ഥാന സുരക്ഷാ കമ്മിഷന്റെ റിപ്പോർട്ടും പോലീസ് ഡയറക്ടർ ജനറൽ ചെയർമാനായുള്ള പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡിന്റെ തീരുമാനങ്ങളും ഗവണ്മെന്റിന് തള്ളിക്കളയാമെന്ന വ്യവസ്ഥകളാണ് ഈ ബില്ലിലുള്ളത്. പരാതികൾ പരിഹരിക്കുന്നതിനായി രൂപീകരിക്കുന്ന പോലീസ് കംപ്ളയിന്റ്സ് അതോറിറ്റിയിൽ നീതിന്യായ നിർവ്വഹണരംഗത്തുള്ളവർ കൂടി കടന്നുവന്നാൽ ഈ മേഖലയെ കുറച്ചുകൂടി ശക്തിപ്പെടുത്താൻ കഴിയും. കേരള പോലീസിനെ രാഷ്ട്രീയവൽക്കരിക്കുകയെന്ന നിലപാടാണ് ഈ ബില്ലിലൂടെ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നത്. കഴിഞ്ഞ ഒരു വർഷക്കാലത്തെ കേരളാ പോലീസിന്റെ പ്രവർത്തനം പരിശോധിച്ചാൽ ഇതുപോലെ വികൃതമായൊരു കാലഘട്ടം ഉണ്ടായിട്ടില്ല. കസ്റ്റഡിമരണങ്ങൾ വർദ്ധിച്ചു, പല കേസ്സുകളിലും പോലീസുകാർ തന്നെ പ്രതികളാകുന്ന സ്ഥിതിയാണുള്ളത്. നിയമങ്ങൾ ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാതെ പോലീസ് തന്നെ ബോധവൽക്കരണം നടത്തി നടപ്പാക്കാനുള്ള നട

പടി സ്വീകരിക്കണം. രാഷ്ട്രീയതാൽപ്പര്യങ്ങൾക്കുവേണ്ടി പോലീസിനെ ഉപയോഗിക്കരുത്. പോലീസ് സേനയ്ക്കകത്ത് സമഗ്രമായ മാറ്റം ആവശ്യമാണെന്നുണ്ടെങ്കിൽ ബില്ലിൽ പറഞ്ഞിരിക്കുന്ന സുരക്ഷാ കമ്മിഷൻ, പോലീസ് കംപ്ളയിന്റ്സ് അതോറിറ്റി തുടങ്ങിയവ സുതാര്യമായി പ്രവർത്തിക്കണം. പ്രശ്നങ്ങൾ പരിഹരിച്ച് സ്വതന്ത്രമായ നിലപാട് എടുത്തുകൊണ്ട് മുന്നോട്ടു പോകുന്ന സമീപനമാണ് വേണ്ടത്.

ശ്രീ. സി.ടി. അഹമ്മദ് അലി: നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പോലീസ് സേനയുടെ പ്രവർത്തനം നവീകരിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള നിയമഭേദഗതിയാണ് ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരമാണെങ്കിലും ബിൽ അവതരിപ്പിക്കാനും ചർച്ച ചെയ്യാനും അവസരമുണ്ടായതിൽ സന്തോഷിക്കുന്നു. കൊലപാതകം, കവർച്ച, കസ്റ്റഡി മരണം, കള്ളനോട്ട് വ്യാപനം തുടങ്ങിയവ സംസ്ഥാനത്ത് നടമാടുന്നതിനുള്ള പ്രധാന കാരണം പോലീസിന്റെ കാര്യക്ഷമതയില്ലായ്മയാണ്. പ്രതികളെ കണ്ടെത്താൻ കഴിയാത്തതും കണ്ടെത്തിയ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിയാത്തതുമായ നിരവധി കേസ്സുകൾ സംസ്ഥാനത്തുണ്ട്. അതോടൊപ്പം പോലീസുകാർ അനുഭവിക്കുന്ന പ്രയാസങ്ങൾ മനസ്സിലാക്കി അവർക്ക് അർഹിക്കുന്ന പരിഗണന നൽകാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. പോലീസ് സേനയിലെ അഴിമതിക്കാരെയും നീതി നിഷേധിക്കുന്നവരെയും നിരീക്ഷിച്ച് അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിച്ച് പോലീസ് സേനയെ ശക്തിപ്പെടുത്തണം. ജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തി അതുവഴി കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിയണം. പോലീസുമായി ബന്ധപ്പെട്ട രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കണം.

കുറ്റത്തിന്റെ മെറിറ്റ് അനുസരിച്ച് കേസ് എടുക്കാനാവശ്യമായ നിർദ്ദേശം നൽകണം. പോലീസ് സേനയെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കണം. പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടറുകൾ സ്ഥാപിക്കണം. ലോക്കപ്പുകൾ നവീകരിക്കുകയും കുറ്റകൃത്യങ്ങൾ കൂടുന്നതിനനുസരിച്ച് പോലീസിന്റെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കുകയും ചെയ്യണം. പുതിയ പോലീസ് സറ്റേഷനുകൾ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. പോലീസുകാരുടെ ജോലി സമയം എട്ട് മണിക്കൂറായി ക്ളിപ്തപ്പെടുത്തണം. പോലീസുകാരുടെ ഡി.എ., ടി.എ., യൂണിഫോം അലവൻസ് മുതലായവയുടെ കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ തുക അനുവദിക്കണം. പഴയ വാഹനങ്ങൾ റീപ്ലേസ് ചെയ്യണം. പോലീസ് വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കണം. പോലീസുകാർക്ക് പാർപ്പിട സൗകര്യങ്ങൾ ഏർപ്പെടുത്തണം. പോലീസ് സ്റ്റേഷനുകളിൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കണം. പോലീസ് സ്റ്റേഷനുകളിൽ നൽകുന്ന പരാതികൾക്ക് രസീതു നൽകണം. നിലവിലുള്ള ഒഴിവുകൾ നികത്തണം. ട്രാഫിക് പോലീസ് സംവിധാനം കാര്യക്ഷമമാക്കണം. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ഡ്രൈവർമാർക്ക് പരിശീലനം നൽകുകയും വേണം. ഇൻവെസ്റ്റിഗേഷൻ സ്റ്റേജിലെ അപാകതകൾ പരിഹരിക്കുകയും ഇൻവെസ്റ്റിഗേഷൻ സംവിധാനം പരിഷ്ക്കരിക്കുകയും ചെയ്യണം. സത്യസന്ധമായ രീതിയിൽ പാസ്പോർട്ട് വെരിഫിക്കേഷൻ നടത്തുന്നതിന് പോലീസുദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകണം. പാസ്പോർട്ട് നഷ്ടപ്പെട്ടാൽ എത്രയും പെട്ടെന്ന് ഡ്യൂപ്ലിക്കേറ്റ് പാസ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ജനകീയ പോലീസിന്റെ പ്രവർത്തനം എല്ലാ

മേഖലകളിലേയ്ക്കും വ്യാപിപ്പിക്കണം. പോലീസ് ഓഫീസർമാരുടെ ഏറ്റവും കുറഞ്ഞ ഉദ്യോഗ കാലാവധി രണ്ട് വർഷമെന്നുള്ളത് കുറച്ചു കൂടി ദീർഘിപ്പിക്കണം. സുരക്ഷാ കമ്മിഷന്റെ പ്രവർത്തനം വെറും നോക്കുകുത്തിയായി മാറുകയാണ്. കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കണം. പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റിയിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനേയും എം.എൽ.എ.മാരേയും ഉൾപ്പെടുത്തണം. പോലീസ് സേന ശക്തിപ്പെടുത്തുകയും നല്ല ഭാഷ സംസാരിക്കുന്നതിന് ട്രെയിനിംഗ് നൽകുകയും വേണം.

<u>ശ്രീ. പി. ജയരാജൻ:</u> 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2007 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള പോലീസ് ആക്ടിൽ സമഗ്രമായ മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. എൽ. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിലവിലുള്ള പോലീസ് നിയമം പരിഷ്ക്കരിക്കുന്നതിനു ശക്തമായ പരിശ്രമങ്ങൾ നടത്തുകയുണ്ടായി. ദേശീയ പോലീസ് കമ്മിഷൻ റിപ്പോർട്ടിലെ ശുപാർശകളൊന്നും ഇതുവരെ നടപ്പാക്കിയിട്ടില്ല. അത് നടപ്പിലാക്കാനാണ് ഈ ഗവണ്മെന്റ് പരിശ്രമിക്കുന്നത്. കഴിവുറ്റ പോലീസ് സേനയെ താഴ്ത്തി കാണിക്കുന്ന സമീപനം അവസാനിപ്പിക്കണം. സ്റ്റേറ്റ് സെക്യൂരിറ്റി കമ്മിഷൻ, പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡ്, പോലീസ് കംപ്ലെയിന്റ്സ് അതോറിറ്റി ഇവ നിലവിൽ വരുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സുരക്ഷാ കമ്മിഷനിൽ എട്ട് അംഗങ്ങളാണുള്ളത്. മൂന്ന് അനൗദ്യോഗികാംഗങ്ങളെ നോമിനേറ്റ്

ചെയ്യുന്നത് ഗവർണ്ണറാണ്. അതിനു സാംഗ്റ്റിറ്റിയുണ്ടെന്നു മാത്രമല്ല സുപ്രീംകോടതിയുടെ ഡയറക്ഷനുമുണ്ട്. അതു അംഗീകരിക്കണം.
യു.ഡി.എഫ് ഗവൺമെന്റ് പോലീസിനെ രാഷ്ട്രീയ ആവശ്യങ്ങൾക്കു വേണ്ടിയാണ് ഉപയോഗപ്പെടുത്തിയിരുന്നത്. പോലീസുകാരുടെ ജോലി സമയം എട്ട് മണിക്കൂറായി നിജപ്പെടുത്തണം. ഇപ്പോൾ പോലീസ് സ്റ്റേഷനുകളിൽ റിസ്പ്ഷൻ കൗണ്ടറുകളും . പരാതി കൊടുത്താൽ രസീത് കൊടുക്കുന്ന സമ്പ്രദായവുമുണ്ട്. അങ്ങനെയുള്ള സമഗ്രമായ ഒരു മാറ്റത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. ഇത്തരം സമഗ്രമായ ഒരു ബിൽ കൊണ്ടുവരുന്നതിന് സുപ്രീം കോടതി വിധിയാണ് പ്രചോദനമായിട്ടുള്ളത്. നിലവിലുള്ള പോലീസ് ആക്ടിൽ ഐ.ജി ഓഫ് പോലീസായിരുന്നു സുപ്രീം ഓഫീസർ. ഈ ബില്ലിലെ നാലാം വകുപ്പിൽ ഡയറക്ടർ ജനറൽ ഓഫ് പോലീസിൽ അധികാരം നിഷിപ്തമാക്കിയിരിക്കുകയാണ്. എന്നാൽ പിന്നീടുള്ള വകുപ്പുകളിൽ ഐ.ജി-ക്കുള്ള അധികാരങ്ങൾ തന്നെയാണ് ആവർത്തിച്ച് പറഞ്ഞിട്ടുള്ളത്. ഈ വകുപ്പുകളിലും മാറ്റങ്ങൾ വരുത്തേണ്ടതില്ലേ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. നിലവിലുള്ള പോലീസ് ഫോഴ്സിന്റെ എണ്ണം മെച്ചപ്പെടുത്തണം എന്നുള്ള കാര്യത്തോട് യോജിക്കുന്നു. ഈ ബിൽ കൊണ്ടുവരാൻ വേണ്ടി ഗവൺമെന്റ് എടുത്ത നിലപാടിനെ സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. വി.ഡി. സതീശൻ</u> : 2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബിൽ പൈലറ്റ് ചെയ്തുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രി സമഗ്രമായ ഒരു നിയമം ഉടൻതന്നെ വരുമെന്ന് സൂചിപ്പിക്കുകയുണ്ടായി. സുപ്രീം കോടതിയുടെ വിധി പ്രകാരം എല്ലാ

നിർദ്ദേശങ്ങളും പാലിക്കണമെന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കിയതിനുശേഷം 10-4-2007-ന് മുൻപ് കോടതി മുൻപാകെ സത്യവാങ്മൂലം ഫയൽ ചെയ്യണമെന്നും അതുകൊണ്ടു മാത്രമാണ് 2007 ഫെബ്രുവരി 12-ാം തീയതി ഒരു ഓർഡിനൻസ് ഇറക്കിയതെന്നുമാണ് ഉദ്ദേശകാരണങ്ങളുടെ വിവരണത്തിൽ പറഞ്ഞിട്ടുള്ളത്. ഈ ബില്ലിൽ സ്റ്റേറ്റ് സെക്യൂരിറ്റി കമ്മീഷൻ, പോലീസ് കംപ്ളൈന്റ്സ് അതോറിറ്റി, പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡ് തുടങ്ങിയ പുതിയ ബോർഡുകളും പുതിയ കമ്മിഷനുകളും കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്ന കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. ക്ളാസ് 3-ൽ ഒരു ക്വാളിറ്റേറ്റീവ് ചെയിഞ്ച് ഉദ്ദേശിക്കുന്നില്ല. ഇതിൽ മാറ്റം വരുത്തണം. ആധുനിക കുറ്റാന്വേഷണ രീതി അവലംബിച്ചുകൊണ്ടുള്ള ഒരു സിസ്റ്റത്തിന് ഈ ബില്ലിൽ ഊന്നൽ കൊടുത്തിട്ടില്ല. ഇപ്പോഴും പോളിഗ്രാഫ് ടെസ്റ്റിനും ബ്രെയിൻ മാപ്പിംഗിനും ബാംഗ്ളൂരിലാണ് കൊണ്ടുപോകുന്നത്. ഇതിനൊക്കെയുള്ള ഒരു സംവിധാനമാണ് സംസ്ഥാനത്ത് വേണ്ടത്. ഇൻവെസ്റ്റിഗേഷനുവേണ്ടി പ്രത്യേക സംവിധാനമുണ്ടാക്കുകയും കുറ്റാന്വേഷണത്തിനുവേണ്ടി ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുകയും ചെയ്യണം. ലാ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും സെപ്പറേറ്റ് ചെയ്യുന്ന ഒരു സംവിധാനം ചില പ്രദേശങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തുന്നത് ശരിയല്ല. ക്ളാസ് 4 (2) (ബി), (ഡി), (ഇ), (എഫ്) തുടങ്ങിയ പ്രൊവിഷനുകൾ ദുരുപയോഗം ചെയ്യാവുന്നതാണ്. സംസ്ഥാന സുരക്ഷാ കമ്മീഷനിലെ അംഗങ്ങളെക്കുറിച്ച് ബില്ലിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ സുരക്ഷാ കമ്മീഷന് ഒരു അധികാരവും കൊടുത്തിട്ടില്ല. സംസ്ഥാന സുരക്ഷാ കമ്മിഷന് പ്രത്യേകിച്ച് പുതിയ അധികാരങ്ങളൊന്നും കൊടുത്തിട്ടില്ല. പോലീസ് സേനയുടെ ഘടനയിൽ

പരിഷ്കാരം നിർദ്ദേശിക്കാൻ കഴിവുള്ള ആളുകളെയാണ് കമ്മിഷൻ അംഗങ്ങളായി ഉൾപ്പെടുത്തേണ്ടത്. 17 ബി (5)-ൽ പറയുന്നതും അതിന് താഴെയുള്ള ഖണ്ഡികയിൽ പറയുന്നതും പരസ്പരവിരുദ്ധമായ കാര്യങ്ങളാണ്. ശുപാർശകൾ സമർപ്പിക്കാനുള്ള ഒരു സംവിധാനം മാത്രമായി സുരക്ഷാ കമ്മിഷനെ തരംതാഴ്ത്തുന്ന നിർദ്ദേശങ്ങളാണ് ഇതിൽ കൊടുത്തിരിക്കുന്നത്. സുപ്രീം കോടതിയുടെ നിർദ്ദേശം പാലിക്കാൻ വേണ്ടി മാത്രമാണ് പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡ് രൂപീകരിക്കുന്നത്. ഈ ബോർഡിന് ഡിവൈ.എസ്.പി. മുതൽ ഉയർന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ശുപാർശ നൽകാനുള്ള അധികാരം മാത്രമാണുള്ളത്. പോലീസ് കംപ്ളെയിൻസ് അതോറിറ്റി രൂപീകരിക്കുന്നതുവഴി ധനകാര്യ മെമ്മോറാണ്ടത്തിൽ പറയുന്നതിനെക്കാൾ കൂടുതൽ ചെലവ് വരുത്താമെന്നല്ലാതെ ഇതുകൊണ്ട് ഒരു പ്രയോജനവും ലഭിക്കാൻ പോകുന്നില്ല. സംസ്ഥാന അതോറിറ്റിയുടെയും ജില്ലാ അതോറിറ്റിയുടെയും അധികാരങ്ങൾ സംബന്ധിച്ച് ഇതിൽ വ്യക്തത ഇല്ല. സെക്ഷൻ 17 (ഡി) യിലെ (ഡി) ഉപവകുപ്പ് പ്രകാരം പോലീസ് എസ്റ്റാബ്ളിഷ്മെന്റ് ബോർഡിന് നൽകിയിരിക്കുന്ന അതേ അധികാരം തന്നെയാണ് സ്റ്റേറ്റ് സെക്യൂരിറ്റി കമ്മിഷനും നൽകിയിരിക്കുന്നത്. സെക്ഷൻ 17 ഇ-ൽ സംസ്ഥാന അതോറിറ്റിക്കും ജില്ലാ അതോറിറ്റിക്കും സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും നൽകുന്നുണ്ടെന്ന് പറയുന്നുണ്ടെങ്കിലും 17 (ഇ) (9) പ്രകാരം വെറും ശുപാർശ ചെയ്യാനുള്ള അധികാരം മാത്രമായി മാറിയിരിക്കുന്നതിനാൽ ഈ അതോറിറ്റി പ്രഹസനമായി മാറും. പോലീസ് സേനയിലെ ലോ ആന്റ് ഓർഡർ സംവിധാനത്തെക്കുറിച്ചോ ഇൻവെസ്റ്റിഗേഷൻ സംവിധാനത്തെക്കുറിച്ചോ സമഗ്രമായ പരിഷ്കാരം

നിർദ്ദേശിക്കുന്ന ഒരു കാര്യവും ഈ ബില്ലിൽ ഇല്ല. സുപ്രീം കോടതിയുടെ നിർദ്ദേശങ്ങൾ പാലിക്കാൻവേണ്ടി മാത്രമാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) പോലീസ് സംവിധാനത്തിൽ വരുത്തുന്ന സമഗ്രമായ മാറ്റമാണ് ഈ ബില്ലിൽ നിർദ്ദേശിച്ചിരിക്കുന്നത്. സുപ്രീം കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. പോലീസിന്റെ പ്രവർത്തനം നവീകരിക്കുന്നതിനുള്ള ചില നടപടികൾ സ്വീകരിക്കുന്നതിന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മിക്ക സംസ്ഥാനങ്ങളും ഇത് നടപ്പിലാക്കിയിട്ടില്ല. കേന്ദ്ര ഗവൺമെന്റ് വിളിച്ചുകൂട്ടിയ സംസ്ഥാന മുഖ്യമന്ത്രിമാരുടെയും ആഭ്യന്തര വകുപ്പുമന്ത്രിമാരുടെയും യോഗത്തിൽ മിക്ക സംസ്ഥാനങ്ങളും സുപ്രീം കോടതി നിർദ്ദേശിച്ച രീതിയിൽ നിയമനിർമ്മാണം നടത്താൻ വിസമ്മതിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. സംസ്ഥാന ഗവൺമെന്റുകളുടെ അധികാരങ്ങൾ എടുത്തുകളയുന്നതിനോട് കേന്ദ്ര ഗവൺമെന്റും യോജിക്കുന്നില്ല. ഡി.ജി.പി.യുടെ സെലക്ഷൻ സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനുള്ള അധികാരം നിലനിർത്തണമെന്നുതന്നെയാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. ഓരോ സംസ്ഥാനത്തിനും യുക്തമായ രീതിയിൽ പരിശോധിച്ച് നിയമനിർമ്മാണം നടത്താമെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെന്റ് ഓർഡിനൻസ് പുറപ്പെടുവിക്കാൻ തീരുമാനിച്ചത്. ലോ ആന്റ് ഓർഡറും ഇൻവെസ്റ്റിഗേഷനും വേർതിരിക്കുകയെന്നുള്ളത് സമഗ്രമായ പ്രവർത്തനമായതിനാൽ ആദ്യപടിയായി തിരുവനന്തപുരം, കൊച്ചി,

കോഴിക്കോട് നഗരങ്ങളിൽ ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വിവിധ പോലീസ് സ്റ്റേഷനുകളിലായി ഒഴിവുള്ള 1400-ഓളം പോലീസുകാരുടെ ഒഴിവുകൾ നികത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കുറ്റകൃത്യങ്ങൾ ചെയ്തവർക്കെതിരെ ഡിസിപ്ളിനറി ആക്ഷൻ എന്ന നിലയ്ക്കും കൃത്യനിർവ്വഹണത്തിൽ കഴിവില്ലാത്തവരെ മാറ്റുന്നതിനും വേണ്ടിയാണ് ഗവൺമെന്റിന് പ്രത്യേക അധികാരം നൽകിയിട്ടുള്ളത്. അല്ലാത്ത സാഹചര്യത്തിൽ രണ്ട് വർഷമോ അതിലധികമോ വർഷം തുടരാവുന്നതാണ്. ജനപ്രതിനിധികളോട് മാന്യമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്ന പോലീസുകാരുടെ പേരിൽ നടപടി സ്വീകരിക്കുന്നതാണ്. പ്രഗത്ഭരായ വ്യക്തികളെ മാത്രമേ സംസ്ഥാന സുരക്ഷാ കമ്മിഷനിൽ അനൗദ്യോഗികാംഗങ്ങളായി നിയമിക്കുകയുള്ളൂ. ഇതിനെക്കുറിച്ച് സബ്ജക്റ്റ് കമ്മിറ്റി ചർച്ചാവേളയിൽ തീരുമാനം കൈക്കൊള്ളാവുന്നതാണ്. പോലീസ് സ്റ്റേഷനുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടിയാണ് നിലവിലുണ്ടായിരുന്ന വർക്കിംഗ് അറേഞ്ച്മെന്റ് സിസ്റ്റം നിറുത്തലാക്കി ഉത്തരവിറക്കിയത്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു കമ്മ്യൂണിറ്റി റിസർവ്വ് ബറ്റാലിയൻ സംസ്ഥാനത്ത് അനുവദിച്ചുതരണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്ന മുറയ്ക്ക് 1000 പേരെക്കൂടി ചേർത്ത് റിസർവ്വ് ബറ്റാലിയൻ രൂപീകരിക്കാൻ സാധിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് പോലീസ് സ്റ്റേഷനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. ദൂരപരിധി പുന:ക്രമീകരണത്തെ സംബന്ധിച്ച് പരിശോധിച്ച് നിർദ്ദേശം നൽകുന്നതാണ്.

കസ്റ്റഡിമരണം ഒരു കാരണവശാലും സർക്കാർ അനുവദിക്കുന്നതല്ല. മതിയായ ലോക്കപ്പ് സൗകര്യങ്ങളോടു കൂടിയവയാണ് പുതുതായി നിർമ്മിച്ച പോലീസ് സ്റ്റേഷനുകൾ. അപകടവും അപകടമരണവും ഒഴിവാക്കുന്നതിനായി ഹെൽമെറ്റും സീറ്റ് ബെൽറ്റും ധരിക്കണമെന്ന നിയമം നിർബന്ധമാക്കും. ജനങ്ങളുടെ സഹകരണത്തോടുകൂടി ഈ നിയമം നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിലുള്ള പോലീസ് സേനയെ ഉപയോഗിച്ച് ട്രാഫിക്ക് സിസ്റ്റം കാര്യക്ഷമമാക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ കൗണ്ടർ പ്രവർത്തിക്കണമെന്നും പരാതിക്കാർക്ക് റസീറ്റ് നൽകണമെന്നും കർശനമായി നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 34 പോലീസ് സ്റ്റേഷനുകളിൽ ഡ്യൂട്ടി സമയം 8 മണിക്കൂറായി നിജപ്പെടുത്തിയിട്ടുണ്ട്. ഘട്ടംഘട്ടമായി ഇത് മറ്റ് പോലീസ് സ്റ്റേഷനുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. ടി.എ. കുടിശ്ശിക കൊടുക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉണ്ടാക്കുന്നതാണ്. പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ്. പോലീസുകാരുടെ പാർപ്പിട സൗകര്യം ഉറപ്പാക്കുന്നതാണ്. പോലീസുകാർക്ക് മെച്ചപ്പെട്ട ട്രെയിനിംഗ് സംവിധാനം ഏർപ്പെടുത്തുന്നതാണ്. കമ്മ്യൂണിറ്റി പോലീസ് സിസ്റ്റം സജീവമായി നടപ്പിലാക്കാനുദ്ദേശിക്കുന്നു. പാസ്പോർട്ട് വെരിഫിക്കേഷൻ സ്പെഷ്യൽ ബ്രാഞ്ച് പോലീസിന്റെ ജോലികൾക്ക് തടസ്സമാകുന്നതുകൊണ്ട് ആ ജോലി ലോക്കൽ പോലീസിനെ ഏൽപ്പിച്ച് വേഗതയിലും സമയബന്ധിതവുമായി നടത്താൻ തീരുമാനിച്ചിട്ടുണ്ട്. പോലീസ് പ്രവർത്തനം വ്യവസ്ഥാപിത

രീതിയിലാക്കുന്നതിനായി ക്രിമിനൽ ജസ്റ്റിസ് സിസ്റ്റം കൊണ്ടുവരാനുദ്ദേശിക്കുന്നു. പാസ്പോർട്ട് നഷ്ടപ്പെട്ടുപോയാൽ പുതിയ പാസ്പോർട്ട് ലഭിക്കുന്നതിനായി നിലവിലുള്ള ഫോർമാലിറ്റീസ് പൊതുജനങ്ങൾക്ക് വളരെയധികം പ്രയാസങ്ങളുളവാക്കുന്നതായതിനാൽ ഇതിൽ വരുത്താവുന്ന മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ഐ.ഡി. കാർഡ് നഷ്ടപ്പെട്ടാൽ എഫ്.ഐ.ആർ. രജിസ്റ്റർചെയ്ത് അതിന്റെ അടിസ്ഥാനത്തിൽ ഐ. ഡി. കാർഡ് നൽകാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നിരാകരണപ്രമേയവും ഭേദഗതികളും സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2007-ലെ കേരള പോലീസ് (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച X-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## 2. 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി .പി.കെ. ശ്രീമതി ടീച്ചർ) : 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീ. കെ. എം. മാണി : ഇതൊരു മണി ബില്ലാണ്. ആർട്ടിക്കിൾ 207 (1) അനുസരിച്ച് സഞ്ചിതനിധിയിൽനിന്നും തുക ചെലവഴിക്കണമെങ്കിൽ ഗവർണ്ണറുടെ അനുവാദം വേണം. ബില്ലിലെ എട്ടാം വകുപ്പ് മൂലനിയമത്തിലെ 13-ാം വകുപ്പിനുള്ള ഭേദഗതിയാണ് പറഞ്ഞിട്ടുള്ളത്. അത് സെക്രട്ടറിയെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതിയാണ്. ഒരു പ്രത്യേക ചെലവിന് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചാർജ് ചെയ്യുന്നു എന്നുള്ള ഡിക്ളറേഷൻ നടത്തിയാൽ അത് മണി ബില്ലാകും എന്നാണ് ഇൻഡ്യൻ ഭരണഘടനയിൽ പറഞ്ഞിട്ടുള്ളത്. അതിന് വിരുദ്ധമായിട്ടാണ് ഈ ബിൽ ഇൻട്രൊഡ്യൂസ് ചെയ്യുന്നത്. അങ്ങനെയൊരു നിയമം കൊണ്ടുവന്നാൽ അത് കോടതിയിൽ നിലനിൽക്കില്ല. ഗവർണ്ണറുടെ അനുവാദം വാങ്ങാത്തതിനാൽ ഈ ബിൽ ഇൻട്രൊഡ്യൂസ് ചെയ്യുന്നത് ശരിയല്ല. അതുകൊണ്ട് ഈ ബിൽ പിൻവലിക്കുകയും ചർച്ച മാറ്റിവയ്ക്കുകയും ചെയ്യണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി .പി.കെ. ശ്രീമതി ടീച്ചർ): ഇതൊരു മണി ബില്ലായതുകൊണ്ട് ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുമതി കിട്ടാതെ പരിഗണിക്കാൻ സാദ്ധ്യമല്ല എന്ന വാദം അടിസ്ഥാനരഹിതമാണ്. സെക്രട്ടറി മെമ്പർ സെക്രട്ടറിയാകുന്നു എന്നതിൽ കവിഞ്ഞ് യാതൊരു അധികച്ചെലവും കമ്മീഷന്റെ പ്രവർത്തനത്തിന് വേണ്ടിവരുന്നില്ല. ഈ ബില്ലിന് ഗവർണ്ണറുടെ പ്രത്യേകാനുമതി ആവശ്യമില്ല.

ശ്രീ. കെ.എം. മാണി: ഇത് മണി ബില്ലാണ്. അതുകൊണ്ട് ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുമതി വേണം. മൂല നിയമത്തിലെ 13-ാം വകുപ്പ് ഭേദഗതി ചെയ്യുന്ന കാര്യമാണ് പറയുന്നത്. ഇത് ശരിയായ നടപടിക്രമമല്ല. ബില്ലിന്റെ ചർച്ച മാറ്റിവച്ചുകൊണ്ട് മുമ്പോട്ടുപോകണം..

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): ഈ അവകാശവാദം അടിസ്ഥാനരഹിതമാണ്. ഇവിടെ വോട്ടു ചെയ്തു പാസ്സാക്കിയിട്ടുള്ള സഞ്ചിതനിധിയിൽ നിന്നാണ് ഇതിന് പൈസ എടുക്കുന്നത്. കേന്ദ്ര വനിതാ കമ്മീഷൻ ആക്ടിന്റെ ചുവടുപിടിച്ചുകൊണ്ട് തികച്ചും സ്വതന്ത്രമായ ആക്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. കേന്ദ്ര ആക്ടിൽ കേരള വനിതാ കമ്മിഷനെക്കുറിച്ച് ഒന്നും പറയാത്തതുകൊണ്ട് പ്രസിഡന്റിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. മൂലനിയമത്തിന്റെ പരിധിക്കകത്തുനിന്നാണ് ഈ ബിൽ അവതരിപ്പിക്കുന്നത്.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി പറഞ്ഞ കാര്യങ്ങൾ വളരെ ശരിയാണ്. അതുവച്ച് ചെയറിന് തീരുമാനം എടുക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീ. കെ.എം. മാണി റെയിസ് ചെയ്ത പോയിന്റ്സ് വളരെ റെലവന്റ് ആണ്. സാധാരണ ഗതിയിൽ ഇത്തരം കാര്യങ്ങൾ വരുമ്പോൾ ഗവർണ്ണറുടെ അംഗീകാരം വേണ്ടതാണ്. ക്ലാസ് 13-ൽ സ്പെസഫിക്കായി പറയാത്ത സാഹചര്യത്തിൽ ഇത് ആർട്ടിക്കിൾ 199 (ഇ) യുടെ പരിധിയിൽ വരുന്നതല്ല. ജീവനക്കാരുടെ ശമ്പളം ചാർജ്ഡ് ആയി വരുന്നില്ല; വോട്ടഡ് ആണ്. ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല. ഇനി എന്തെങ്കിലും പിശകുണ്ടെങ്കിൽ അത് പരിഹരിക്കാവുന്നതാണ്. എല്ലാവരും സഹകരിച്ച് ബിൽ പാസ്സാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ

സാമൂഹ്യ സേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ: I move that-

"This House resolves to disapprove The Kerala Women's Commission (Amendment) Ordinance, 2007 (Ordinance No.42 of 2007).

നിലവിലുള്ള മൂലനിയമത്തിന് വ്യത്യസ്തമായി പുതിയ അംഗങ്ങളെ നിയമിക്കാൻ വേണ്ടിയാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കമ്മീഷനെ ഫലവത്താക്കാനാണ് ശ്രമിക്കേണ്ടത്. വനിതാ കമ്മീഷൻ ചെയർപേഴ്സണ് ഒരു നല്ല വാഹനം പോലും കൊടുക്കാൻ കഴിഞ്ഞിട്ടില്ല. വനിതാ കമ്മീഷനിൽ ഒരു സി.ഐ.യെ പോസ്റ്റ് ചെയ്തിട്ടില്ല. ഇതെല്ലാം പരിഹരിക്കാനുള്ള നടപടിയാണ് വേണ്ടത്. കമ്മീഷന്റെ പോരായ്മകൾ പരിഹരിക്കാനുള്ള മാർഗ്ഗമുണ്ടാക്കണം. വനിതാ കമ്മീഷൻ മുമ്പാകെ ഇപ്പോൾ 5464 കേസ്സുകൾ പെന്റിംഗുണ്ട്. തിരുവനന്തപുരത്ത് മാത്രമാണ് വനിതാ കമ്മീഷന്റെ ആസ്ഥാനമുള്ളത്. റീജിയണൽ തലങ്ങളിൽ 2 സെന്ററുകൾ കൂടി സ്ഥാപിച്ച് ഇത്തരം കേസ്സുകൾ കൂടുതൽ ഫലപ്രദമായി നടത്താനുള്ള നടപടി സ്വീകരിക്കണം. നിലവിലുള്ള വനിതാ ജാഗ്രതാ സമിതികൾ ഫലപ്രദമാക്കാനും എല്ലാ പഞ്ചായത്തിലും ഇത്തരം സമിതികൾ രൂപീകരിക്കാനും അത് മോണിറ്റർ ചെയ്യാനും സംവിധാനം ഉണ്ടാക്കണം. എല്ലാ പഞ്ചായത്തുകളിലും വനിതാ ജാഗ്രതാ സമിതികൾ വന്നാൽ വനിതാ കമ്മീഷന്റെ ജോലിഭാരം താരതമ്യേന കുറയുന്നതാണ്.

വനിതാ കമ്മീഷന് ആവശ്യമായ ജീവനക്കാരെ നൽകുകയും ചെയർപേഴ്സനുൾപ്പെടെയുള്ളവരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം. ഇത്തരം കാര്യങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തന ങ്ങളാണ് ഈ ബില്ലിൽ ആവശ്യമുള്ളത്. കമ്മീഷനെ ശക്തിപ്പെടുത്തുന്ന തര ത്തിലുള്ള ക്ലാസ്സുകൾ ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. കെ. ബാബു: നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. ഈ ഭേദഗ തിയിൽ വനിതാ കമ്മീഷനെ ശക്തിപ്പെടുത്തുന്ന തരത്തിലുള്ള നടപടികൾ ഇല്ല. ഈ ഭേദഗതിയിലൂടെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതല്ലാതെ ഗുണപര മായ മാറ്റങ്ങളൊന്നും ഉണ്ടാകുന്നില്ല. വനിതാകമ്മീഷന് എല്ലാതലത്തിലും ഇഫക്ടീവാകാനുള്ള നടപടി ഉണ്ടാകണം. സ്ത്രീപീഡനങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കമ്മീഷൻ കൂടുതൽ സിറ്റിംഗ് നടത്തണം. വനിതാ കമ്മീഷൻ ബോധവൽക്കരണ പരിപാടികളും സെമിനാറുകളും ഇപ്പോൾ നട ത്തുന്നുണ്ടെങ്കിലും കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള സംവിധാനങ്ങളും ജുഡീഷ്യൽ അധികാരവും ഇല്ല. ഗ്രാമതലത്തിലുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനുള്ള സംവി ധാനം ഉണ്ടാക്കണം. കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് കൂടു തൽ അധികാരങ്ങൾ ആവശ്യമാണ്. പല ശുപാർശകളും 3 മാസത്തിനകം നിയമസഭയിൽ വയ്ക്കണമെന്ന വ്യവസ്ഥ പലപ്പോഴും സാധ്യമാകുന്നില്ല. വനിതാ കമ്മീഷന്റെ ശുപാർശകൾക്ക് ഫോളോ-അപ് ഉണ്ടാക്കണം. നിയമ പരമായി നടപടി സ്വീകരിക്കാൻ ഈ കമ്മീഷന് സാധിക്കണം. പെൺവാണിഭക്കേസുകളിൽ അന്വേഷണം പൂർത്തിയാക്കാനോ പ്രതികൾക്കെതിരെ കുറ്റപ്പത്രം സമർപ്പിക്കാനോ ഈ ഗവൺമെന്റിനു സാധിച്ചിട്ടില്ല. വനിതാ കമ്മിഷന്റെ പ്രവർത്തനം നിഷ്പക്ഷവും കുറ്റമറ്റതും

ആയിരിക്കണം. സ്ത്രീകൾക്ക് സംരക്ഷണം കിട്ടുന്നതിനോ സ്ത്രീകൾക്കെതിരായിട്ടുള്ള പീഡനക്കേസ്സുകൾ ഫലപ്രദമായി പരിശോധിക്കാനോ ഉള്ള സംവിധാനം ഈ ബില്ലിൽ ഇല്ല. കമ്മിഷനിൽ അംഗസംഖ്യ വർദ്ധിപ്പിക്കാൻ കഴിയും എന്നതിൽ കവിഞ്ഞ് ഗുണപരമായ ഒരു നേട്ടവും ഈ ബില്ലിൽ ഇല്ല സ്ത്രീ പീഡനം അവസാനിപ്പിക്കാനും സ്ത്രീകൾക്ക് സംരക്ഷണം നൽകാനും സാധിക്കത്തക്ക രീതിയിൽ കൂടുതൽ ഇഫക്ടീവായി വനിതാ കമ്മിഷനെ പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: 2007-ലെ കേരളാ വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2007-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സെക്ഷൻ 5-ൽ പ്രധാനമായും വിമർശനം വരുന്നത് കമ്മിഷൻ അംഗങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസമാണ്. ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ അംഗങ്ങളെ കൂട്ടാനുണ്ടായ കാരണങ്ങൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. കെട്ടിക്കിടക്കുന്ന കേസ്സുകളിൽ തീർപ്പുകൽപ്പിക്കണം എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഈ കമ്മീഷന് റെക്കമെന്ററി നേച്ചർ മാത്രമേയുള്ളൂ എന്ന വിമർശനം ശരിയാണ്. കമ്മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടിയാണ് കമ്മിഷന്റെ സെക്രട്ടറി എക്സ്-ഒഫിഷ്യോ അംഗം ആയിരിക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുള്ളത്. വനിതാ കമ്മിഷന് ഒരു എക്സിക്യൂട്ടീവ് അതോറിറ്റിയെ നൽകുന്നതിനുവേണ്ടിയാണ് സെക്രട്ടറിയെ എക്സ്-ഒഫിഷ്യോ അംഗമാക്കിയിരിക്കുന്നത്. എക്സ്-ഒഫിഷ്യോ മെമ്പറായാൽ അധികാരം പൂർണ്ണമായും ഉപയോഗിക്കാൻ കഴിയും. സ്ത്രീകൾക്കുനേരെയുള്ള

അതിക്രമങ്ങളും വിവേചനവും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അവശത അനുഭവിക്കുന്ന സ്ത്രീകൾക്ക് സോഷ്യൽ ജസ്റ്റീസ് കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഏർപ്പെടുത്തിയ ഒരു സംവിധാനമാണിത്. ഇത് ഫലപ്രദമായി പ്രവർത്തിക്കണം. വനിതാ കമ്മിഷനിൽ തീർപ്പാക്കാതെ കിടക്കുന്ന കേസ്സുകളുടെ എണ്ണം വളരെയധികം വർദ്ധിച്ച സാഹചര്യത്തിലാണ് അംഗങ്ങളുടെ എണ്ണം കൂട്ടി കേസ്സുകൾ എത്രയും പെട്ടന്ന് തീർപ്പ്കൽപ്പിക്കുന്നതിന് തീരുമാനിച്ചത്. വനിതാ കമ്മീഷൻ ചെയർപേഴ്സന്റേയും മെമ്പർമാരുടേയും ക്വാളിഫിക്കേഷൻ സ്പെസിഫൈ ചെയ്യേണ്ടതാണ്. കമ്മിഷന് കൂടുതൽ അധികാരങ്ങൾ കൊടുക്കണം. 7-ാം വകുപ്പിലെ വ്യവസ്ഥ പ്രകാരം സർക്കാരിന് കമ്മിഷനുമായി ആലോചിച്ച് ആക്ടിന്റെ ആവശ്യങ്ങൾക്കായുള്ള അന്വേഷണങ്ങൾ നടത്തുന്നതിനായി നിയമിക്കുന്ന സെക്രട്ടറിക്കും ഡയറക്ടർക്കുമുള്ള ക്വാളിഫിക്കേഷൻകൂടി ബില്ലിൽ ഉൾപ്പെടുത്തണം. ഒരു റെക്കമെന്ററി നേച്ചറിനുപരി പ്യൂണിറ്റീവ് പവർ കൊടുത്ത് ഈ കമ്മീഷന്റെ പ്രവർത്തനം ശക്തിപ്പെടുത്തണം. കൗൺസിൽ സെന്ററുകളുടെയും ജാഗ്രതാസമിതികളുടെയും എണ്ണം കൂട്ടണം. ഒരു പരാതി കിട്ടിയാൽ ഇത്ര ദിവസത്തിനുള്ളിൽ തീർപ്പാക്കണമെന്നുള്ള നിർദ്ദേശം കൂടി ബില്ലിൽ ഉൾപ്പെടുത്തണം.

<u>ശ്രീ. കെ.സി. വേണുഗോപാൽ</u>: 2007-ലെ കേരള വനിതാ കമ്മിഷൻ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഭരണകക്ഷിക്കകത്തുള്ള ഘടകകക്ഷികൾക്ക് സീറ്റുകൾ വീതം വയ്ക്കുന്നതിനുള്ള ഒരു തന്ത്രത്തിന്റെ ഭാഗമായാണ് വനിതാ കമ്മിഷൻ അംഗങ്ങളുടെ എണ്ണം കൂട്ടുന്നത്. കഴിഞ്ഞ 15

മാസക്കാലമായി വനിതകൾക്കു നേരെയുള്ള പീഡനം കൂടിവരികയാണ്. അതിനനുസരിച്ച് വനിതാ കമ്മിഷന്റെ പ്രവർത്തനം എത്രമാത്രം ഗുണകരമാണെന്ന് പരിശോധിക്കണം. സ്ത്രീ പീഡനങ്ങൾ സംബന്ധിച്ച കേസ്സുകളിൽ തീരുമാനങ്ങളെടുക്കാനുള്ള അവസരമല്ലാതെ കുറ്റക്കാരെ ശിക്ഷിക്കാനോ സമൻസ് അയയ്ക്കാനോ ഉള്ള അധികാരം കമ്മിഷനില്ല. സ്വതന്ത്രമായി പ്രവർത്തിക്കേണ്ട ഒരു ബോഡിയാണ് വനിതാ കമ്മിഷൻ. എന്നാൽ ഈ ഗവൺമെന്റ് കമ്മിഷന് സ്വതന്ത്ര പദവി നൽകുന്നതിന് എതിരാണ്. സ്ത്രീകൾക്കുണ്ടാകുന്ന പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കേണ്ട വനിതാ കമ്മിഷനെ രാഷ്ട്രീയവൽക്കരിക്കാനുള്ള ശ്രമത്തിൽ നിന്ന് ഗവണ്മെന്റ് പിന്മാറണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> വനിതാ കമ്മിഷൻ ആക്ടിന്റെ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് അംഗങ്ങൾ പ്രകടിപ്പിച്ച അഭിപ്രായ പ്രകടനങ്ങളെയും നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. കേരളത്തിലെ വനിതാ കമ്മിഷനെ ഒരു മാതൃകാ സംവിധാനമാക്കി പ്രവർത്തിപ്പിക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയാണ് ആക്ട് നിലവിൽവന്നത്. കാലാകാലങ്ങളായി സ്ത്രീകളനുഭവിക്കുന്ന ശാരീരികവും മാനസികവുമായ പ്രയാസങ്ങളും വിവേചനങ്ങളും അവസാനിപ്പിക്കുന്നതിനുള്ള ഒരു സംവിധാനമെന്ന നിലയിൽ വലിയ പ്രതീക്ഷയോടുകൂടിയാണ് വനിതാ കമ്മിഷന്റെ പ്രവർത്തനത്തെ ജനങ്ങൾ നോക്കിക്കണ്ടത്. എന്നാൽ ഈ കമ്മിഷന്റെ പ്രവർത്തനം പ്രതീക്ഷിച്ചതുപോലെ ഫലപ്രദമായില്ല. വനിതാകമ്മിഷൻ എന്ന സംവിധാനംകൊണ്ടുദ്ദേശിക്കുന്നത് വിപുലമായ കാര്യങ്ങളാണ്. സ്ത്രീകളുടെ പരാതികൾ കേട്ട് സമവായത്തിലൂടെ അത് പരിഹരിക്കാൻ

സാധിക്കത്തക്കവിധത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ കമ്മിഷനെ വിപുലപ്പെടുത്തുകയും കാലാവധി പൂർത്തിയാക്കുകയും ചെയ്തിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കമ്മിഷന്റെ പ്രവർത്തനം പരിശോധിക്കുകയും കമ്മിഷന്റെ പ്രവർത്തനത്തിൽ ജനങ്ങളുടെ വിശ്വാസ്യത വേണ്ടിടത്തോളം ഇല്ല എന്നുള്ളത് കണക്കിലെടുത്ത് ആ കമ്മിഷനെ മാറ്റി പകരം ഒരു ആറംഗ കമ്മിഷനെ നിയമിക്കുകയും ചെയ്തു. മെമ്പർ സെക്രട്ടറി ഉൾപ്പെടെ ആറ് അംഗങ്ങൾ വേണമെന്നുള്ള രീതിയിലാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. ജില്ലാ തലത്തിലും മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിലും പ്രസിഡന്റ് ചെയർമാനായി ജാഗ്രതാസമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജാഗ്രതാ സമിതികൾ പഞ്ചായത്തുകളിൽ പ്രവർത്തിക്കാൻ കഴിയണമെങ്കിൽ അവർക്ക് പ്ളാൻ ഫണ്ട് കൂടുതൽ അനുവദിക്കണം. കേരളത്തിലെ സ്ത്രീ സമൂഹം നേരിടുന്ന വിവിധ വിഷയങ്ങൾ അടിസ്ഥാനപ്പെടുത്തി അവബോധം സൃഷ്ടിക്കാൻ പറ്റുന്ന വിധത്തിൽ സ്ക്കൂൾ-കോളേജ് തലങ്ങളിൽ വ്യത്യസ്തമായ പരിപാടികൾ സംഘടിപ്പിച്ച് വനിതാ കമ്മിഷന്റെ പ്രവർത്തനങ്ങളെ സ്ട്രെംഗ്തെൻ ചെയ്യേണ്ടതുണ്ട്. വനിതാ കമ്മീഷനെ സ്റ്റാറ്റ്യൂട്ടറി ബോഡിയെന്നുള്ള പദവിയിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. വനിതാ കമ്മീഷനിലെ ചെയർപേഴ്സന്റേയും അതിലെ അംഗങ്ങളുടേയും നിയമനത്തെ സംബന്ധിച്ച് ഒരു വിമർശനവും ഇതുവരെ ഉണ്ടായിട്ടില്ല. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2007-ലെ കേരള വനിതാ കമ്മീഷൻ (ഭേദഗതി) ബിൽ സാമൂഹ്യ സേവനം എന്ന VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

### 3. 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ബിൽ

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ബിൽ ഭൂ നികുതിയും വനവും മൽസ്യബന്ധനവും എന്ന II-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : പ്രമേയത്തെ പിൻതാങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): 1950-ൽ ഇത്തരത്തിൽ ഒരു നിയമം പാസ്സാക്കാൻ ആലോചിച്ചതാണ്. 2005

ഡിസംബറിൽ ഇത് ഓർഡിനൻസായി കൊണ്ടുവന്നു. 1980-ലാണ് ഈ ബിൽ പ്രസിദ്ധീകരിച്ചത്. ഈ പ്രത്യേക നിയമസഭാ സമ്മേളനത്തിൽ ഇത് പാസ്സാക്കിയെടുക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. കെ. ശിവദാസൻ നായർ : I move that-

" This House resolves to disapprove The Arthapalisa, Jenmibhogam and Karathilchilavu (Abolition) Ordinance, 2007 (Ordinance No.54 of 2007). ജീവിക്കാൻ നിവൃത്തിയില്ലാത്ത ജന്മിമാരായിട്ടുള്ളവർക്ക് കിട്ടേണ്ട തുക വൺടൈം സെറ്റിൽമെന്റായി കൊടുക്കുന്നതിനുവേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിട്ടുള്ളത്. ഇതിന്റെ അസ്സസ്സിംഗ് അതോറിറ്റി തഹസിൽദാരാണ്. ഇതിലെ ക്ളറിക്കൽ മിസ്റ്റേക്സും എന്തെങ്കിലും വിട്ടുപോയിട്ടുണ്ടെങ്കിൽ അതും കൂട്ടിച്ചേർക്കുന്നതിനല്ലാതെ മറ്റ് തിരുത്തലുകൾ വരുത്താൻ പാടില്ല. സിവിൽ കോടതിയുടെ ഡിക്രിക്ക് തുല്യമായിട്ടാണ് അസ്സസ്സ്മെന്റ് ഓർഡറിനെ കണക്കാക്കിയിട്ടുള്ളത്. ഇതിന്റെ അപ്പലേറ്റ് അതോറിറ്റിയായി ജില്ലാ കോടതിയെയാണ് നിശ്ചയിച്ചിട്ടുള്ളത്. നഷ്ടപരിഹാരത്തുകയെ സംബന്ധിച്ച് അവകാശികൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനാണ് അപ്പലേറ്റ് അതോറിറ്റിക്ക് അധികാരം കൊടുത്തിട്ടുള്ളത്. ജില്ലാ കോടതിക്ക് പകരം സബ് കോടതിയെ അപ്പലേറ്റ് അതോറിറ്റിയായി വ്യവസ്ഥ ചെയ്യണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ 31-10-2007-വരെ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു ചെറിയ കാര്യത്തിനുവേണ്ടിയാണ് ഈ

നിയമനിർമ്മാണം നടത്തുന്നത്.. നിത്യ ചെലവുകൾക്കുതന്നെ ബുദ്ധിമുട്ടുന്ന ജന്മിമാരുണ്ട്. അവർക്ക് ഇത്തരത്തിലൊരു സഹായം നൽകുന്നത് നല്ലതാണ്. ഇതിൽ അപ്പലേറ്റ് അതോറിറ്റിയായി ജില്ലാ കോടതിയെയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്റെ അസ്സസ്സിംഗ് അതോറിറ്റി തഹസീൽദാർ ആയതുകൊണ്ട് ജില്ലാ കളക്ടറെ അപ്പലേറ്റ് അതോറിറ്റിയായി വയ്ക്കണം.

ശ്രീ. ജോർജ് എം. തോമസ്: 2007-ലെ അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽ ചെലവും (നിർത്തലാക്കൽ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. വകുപ്പ് 11(2)-ൽ നഷ്ടപരിഹാരം അവകാശികൾക്ക് തുല്യ വിഹിതമായി കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്യണം. വകുപ്പ് 4 (3)-ൽ ഒരു പറ നെല്ലിന് ആറ് രൂപയാണ് കമ്മ്യൂട്ടേഷൻ നിരക്കായി നിശ്ചയിച്ചിരിക്കുന്നത്. ഒരു സ്റ്റാന്റേർഡ് പറ നെല്ല് എട്ട് കിലോഗ്രാം വരും. നെല്ലിന്റെ ഇപ്പോഴത്തെ സംഭരണ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം വർദ്ധിപ്പിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : നെല്ലിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. അത് വൺടൈം സെറ്റിൽമെന്റിലൂടെ അവസാനിപ്പിക്കാൻ പോകുകയാണ്. നഷ്ടപരിഹാരം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനാവേളയിൽ ചർച്ച ചെയ്യാം. നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് തഹസീൽദാർമാരെയാണ് നിശ്ചയിച്ചിരിക്കുന്നത്. ഇത് സിവിൽ കോടതിയുടെ ഡിക്രിക്ക് തുല്യമായി കണക്കാക്കിയതുകൊണ്ടാണ് ജില്ലാ കോടതിക്ക് അപ്പലേറ്റ് അധികാരം കൊടുത്തിട്ടുള്ളത്. ഇത് എക്സിക്യൂട്ടീവ് ഓർഡറായി

കണക്കാക്കിയാൽ ജില്ലാ കളക്ടർമാർക്ക് അപ്പലേറ്റ് അധികാരം കൊടുക്കാൻ കഴിയും.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2007-ലെ അർത്ഥപലിശയും ജൻമിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ബിൽ ഭൂനികുതിയും മൽസ്യബന്ധനവും എന്ന II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ വൈകുന്നേരം 4.53-ന് പിരിഞ്ഞു. .